
# THE KUDUMBA DEEPAM.



Vol. V.) December 1934. (No. 12.

## വിഷയവിവരം.


1. ക്രിസ്മസ്ഗാനം ........................................ 353.
2. ക്രിസ്മസ് ദിവസത്തെ ഒന്നാംകുർബാന ........................ 353.
3. എന്റെ മാനസാന്തരം ........................................ 360.
4. ജീവിതസ്ഥിതികൾ ........................................ 364
5. ജ്ഞാനസ്നാനകർമ്മം ........................................ 369.
6. ക്ലാസ്സുമുറിയിലെ കൊലപാതകം ........................ 372.
7. പൊതുനിയോഗം ........................................ 382.
8. കുറിപ്പുകൾ ........................................ 383.
9. പരസ്യങ്ങൾ ........................................ 384.


It is now the hour for us to rise from sleep; for now is our salvation nearer than when we believed.—*Rom. xiii.*

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാഫാനിസ് ദന്തവൈദ്യൻ.

## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതാരി: എല്ലാതരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീര്യ: അഗ്നിമാന്ദ്യം, ശിരസ്താതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു്. ജ്വരാഹാരി: മലമ്പനിക്കും മലബന്ധത്തിനു ഉപയോഗിക്കേണ്ടതു്. 'എമിൻ': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള നല്ല ഔഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കറ്റുകൾ കിട്ടീട്ടുണ്ടു്.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട, മലബാർ


---

# മാന്യവരിക്കാർ അറിവാൻ.

എടപ്പള്ളി, ആലുവാ, ചൊവ്വര, അങ്കമാലി, പുത്തൻവേലിക്കര, മനമ്പം, പറവൂർ, വരാപ്പുഴ, കൂനമ്മാവ് എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ റി. പടിക്കപ്പറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യതാമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.



MAY THE INFANT SAVIOUR BLESS
ALL OUR READERS AND FRIENDS.

# കുടുംബദീപം.

പുസ്തകം ൫. } ഡിസംബർ ൧൯൩൪. { ലക്കം ൧൨.

## ക്രിസ്തുമസ്സ് ഗാനം.

ഹിന്ദുസ്ഥാൻതോടി ആദി. രസക്കരുമ്പേ എ. മ.

(ജെ. ജ്ഞാനസുന്ദരം, ഗിരിമന്ദിരം.)

പല്ലവി.

ഭജിച്ചിടുന്നു സുതനിതാ കൈകൂപ്പി
ഭയഭക്തിയോടെ . . ഭജി.

അനുപല്ലവി.

മൃഗത്തൊഴുത്തിൽ തൃണതല്പത്തിൽ
വിലസും പരമ ജയമാ! ഗുരോ. ഭജി.

ചരണങ്ങൾ.

1. മംഗളമേകുവാനായ്—ശാന്തിയണയ്ക്കുവാനായ്
മന്നിതിൽ സംജാതനായ സുപാലകാ!
മാം പാഹി സന്തതം സങ്കടഹാരകാ! ഭജി.

2. പ്രേമസംഗീതിപാടി—അത്തരയാകെത്തേടി
നിർമ്മലക്കുഞ്ഞായി വാഴും കൃപാകരാ!
ചിന്മയാ! ഭാവുകം ചേർക്ക മഹേശ്വരാ! . ഭജി.

---

## ക്രിസ്തുമസ്സ് ദിവസത്തെ ഒന്നാംകുർബാന.

സുവിശേഷം: വി. ലൂക്കാ ൨, ൧-൧൪.

"എന്നാൽ ആ നാളുകളിൽ സംഭവിച്ചതു എന്തെന്നാൽ: ലോകം മുഴുവനും പേർവഴി ചാർത്തണമെന്നു ആഗുസ്തോസ് കേസറിൽനിന്നു ഒരു കല്പന പുറപ്പെട്ടു. ഒന്നാമത്തേതായ ഈ ചാ

ത്തൽ സീറ്റ്യായുടെ അധിപതിയായ ചിരീന്തൂസിനാൽ നടത്ത
പ്പെട്ടു." ഈ സമയം, വി. ലൂക്കായുടെ സുവിശേഷത്തിൽ ഇതി
നമുമ്പിലത്തെ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള സ്നാപകയോഹ
ന്നാൻെറ ജനനവും ഛേദനാചാരവും കഴിഞ്ഞു കുറെ മാസങ്ങ
ൾക്കുശേഷമായിരുന്നു. വധിക്കപ്പെട്ട പ്രഥമ റോമാചക്രവർത്തി
യായ ജൂലിയസ് കേസറിൻെറ അടുത്ത പിൻഗാമിയും രണ്ടാ
മത്തെ റോമാചക്രവർത്തിയുമായ ആഗുസ്തോസ് കേസറാണ് ഈ
കല്പന പുറപ്പെടുവിച്ചത്. കേസർ ഒരു കുടുംബപ്പേരാണ്. സു
ദീർഘവും സമർത്ഥവുമായ അമ്പതത്തഴ കൊല്ലത്തെ ഭരണം നിമി
ത്തം 'റോമൻ സെനെററ്' ഈ കേസറിന്ന ആഗുസ്തോസ് എ
ന്ന സ്ഥാനപ്പേർ നൽകി. ഇദ്ദേഹത്തിൻെറ ഭരണത്തിൻെറ
നാല്പത്തിരണ്ടാം കൊല്ലമാണ് മ്ശിഹാ ജാതനായത്. ജന
നിവാസമുള്ള പ്രധാന ഭൂവിഭാഗങ്ങളടങ്ങിയ റോമാസാമ്രാജ്യത്തി
ൻെറ ജനസംഖ്യയെടുക്കാനാണ് ആഗുസ്തോസ് കേസറിൻെറ
കല്പന. ഈ കണക്കെടുത്തത് വെറും മായാസ്തുതിക്കുവേണ്ടിയൊ
അഥവാ കരം ചുമത്തുന്നതിന്നു വേണ്ടിയൊ അല്ലെങ്കിൽ രണ്ടി
നുംവേണ്ടികൂടിയാണൊ എന്നു നിശ്ചയമില്ല. ഏതായാലും ഒ
ന്നു തീർച്ചയാണ്. ബെസ്ലഹേമിൽ തൻെറ പുത്രൻെറ ജനനത്തെ
ക്കുറിച്ചുള്ള ദീർഘദർശനം നിറവേറണമെന്നു സർവലോകനിയന്താ
വായ ദൈവം തീരുമാനിച്ചിരുന്നു. സീറ്റ്യായുടെ അധിപതിയാ
യ ചിരീന്തൂസിനാൽ എടുക്കപ്പെട്ട ആദ്യത്തെ കാനേഷുമാരിക്ക
ണക്കു ഇതാണെന്നു പറയപ്പെടുന്നു. ചരിത്രകാരനായ ജോസെ
ഫൂസ് പറയുന്ന രണ്ടാമത്തെ കണക്കു ഇതിൻെറശേഷം പതി
നൊന്നു വർഷം കഴിഞ്ഞെടുത്തിട്ടുള്ളതാണ്.

"ആകയാൽ എല്ലാവരും പേർവഴി പതിപ്പിക്കേണ്ടതിന്നു
ഓരോരുത്തൻ സ്വന്തം നഗരത്തിലേക്കു പോയിരുന്നു." ഒരുത്ത
ൻ ജനിക്കയൊ വസിക്കയൊ ചെയ്തിരുന്ന നഗരത്തിലേയ്ക്കല്ല,
പിന്നെയൊ കുടുംബത്തലവൻ ജാതനായ സ്ഥലത്തേക്കാണ്
പോകേണ്ടിയിരുന്നത്. കുലം, കുടുംബം, കുടുംബാംഗങ്ങളിൽ ഓ
രോരുത്തനും,- ഇങ്ങിനെയായിരുന്നു യഹൂദ നിയമപ്രകാരമുള്ള

പേർവഴി ചാർത്തൽ.

"അപ്പോൾ യൗസേപ്പും ദാവീദിന്റെ കുടുംബത്തിലും വംശത്തിലുമുള്ളവനായിരുന്നതുകൊണ്ടു തന്നോടു വിവാഹം കഴിച്ചിരുന്ന മറിയം എന്ന ഗർഭവതിയായ ഭാര്യയോടുകൂടെ പേർവഴി പതിപ്പിക്കേണ്ടതിനു ഗ്ലീലായിലെ നസറസ്സ് നഗരത്തിൽനിന്നു യൂദായിൽ ബെസ്ലഹേം എന്നു വിളിക്കപ്പെടുന്ന ദാവീദിൻ നഗരത്തിലേക്കു പുറപ്പെട്ടുപോയി." യൌസേപ്പ് ദാവീദിന്റെ കുടുംബത്തിൽപെട്ടവനും ദാവീദ് ബെസ്ലഹേമിൽ ജനിച്ചവനുമായിരുന്നു. ബെസ്ലഹേം ജറുസ്ലേമിനു ആറു മൈൽ തെക്കും ഗ്ലീലായിലെ നസറസ്സിൽനിന്നു ഉദ്ദേശം എഴുപതു മൈൽ അകലെയുമാണ് സ്ഥിതിചെയ്തിരുന്നതു്. ആകയാൽ ഈ സാഹചര്യങ്ങളിൽ ആ യാത്ര ദീർഘവും ക്ലേശകരവുമായിരുന്നെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. മറിയം കയറിയിരുന്ന ഒരു കഴുതയെ നയിച്ചുകൊണ്ടാണ് യൌസേപ്പു പോയിരുന്നതെന്നു നമുക്കു വിചാരിക്കാമെങ്കിലും ആ യാത്ര മിക്കവാറും കാൽനടയായിട്ടാണ് കഴിച്ചിട്ടുള്ളതു്. മറിയവും ദാവീദിന്റെ വംശത്തിലുള്ളവളായിരുന്നതുകൊണ്ടു അവളുടെ പേർവഴി പതിപ്പിക്കേണ്ടതിനു അവളും യൗസേപ്പിന്റെകൂടെ പോയി. ഗർഭിണിയായ മറിയം ക്ലേശഭൂയിഷ്ഠമായ ഈ യാത്രക്കൊരുമ്പെട്ടതു് നിയമം അനുസരിക്കുന്നതിനുവേണ്ടിയായിരുന്നു. സർവ്വജ്ഞനായ ദൈവത്തിന്റെ മുന്നിശ്ചയമനുസരിച്ചാണ് ഈ സംഗതികളെല്ലാം ക്രമീകരിക്കപ്പെട്ടിരുന്നതു്. "തന്നോടു വിവാഹം കഴിച്ചിരുന്ന . . . ഭാര്യ" എന്നിവിടെ എടുത്തു പറഞ്ഞിരിക്കുന്നതു് മറിയം വിവാഹിതയായിരുന്നെങ്കിലും അമലോത്ഭവകന്യകയാണെന്നു കാണിപ്പാൻവേണ്ടിയാകുന്നു.

"പിന്നെ സംഭവിച്ചതു എന്തെന്നാൽ. അവർ അവിടെ ആയിരിക്കയിൽ, അവൾക്കു പ്രസവത്തിനുള്ള നാളുകൾ തികഞ്ഞു. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കയും ശീലകളാൽ അങ്ങെ ചുററി മൃഗത്തൊട്ടിയിൽ അങ്ങെ കിടത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ വഴിയമ്പലത്തിൽ അവർക്കു സ്ഥ

ലമുണ്ടായിരുന്നില്ല." വി. ബ്രിജീത്തായ്ക്കുണ്ടായിട്ടുള്ള ഒരു വെളിപാടനുസരിച്ചും പല വ്യാഖ്യാതാക്കളുടെ അഭിപ്രായപ്രകാരവും പ. കന്യക ബെസ്ലഹേമിൽ എത്തിയ രാത്രിതന്നെ ദിവ്യരക്ഷകനെ പ്രസവിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. അവൾക്കു പ്രസവത്തിനുള്ള നാളുകൾ തികഞ്ഞു, അതായതു്, സാധാരണ ഗർഭകാലമായ ഒമ്പതു മുഴുവൻമാസം കഴിഞ്ഞു—മംഗലവാർത്തയുടെയും നമ്മുടെ കർത്താവിൻെറ ഗർഭധാരണത്തിൻെറയും ദിനമായ മാർച്ചു ൨൫-ാം തീയതി മുതൽ ഡിസമ്പർ ൨൫-ാം തീയതി വരെ—ഈ തീയതികളാണു് "തിരുസ്സഭ അനുസരിച്ചുവരുന്നതു്" എന്നു വി. ആഗുസ്തീനോസു പ്രസ്താവിച്ചിരിക്കുന്നു. അവിടുന്നു സത്യമായ മനുഷ്യനും സത്യമായ ദൈവവുമാണെന്നുള്ളതിനു ഇതും ഒരു തെളിവാകുന്നു. മറിയം തൻെറ കന്യാത്വത്തിനു യാതൊരു ഭംഗവും കൂടാതെ അങ്ങനെ പ്രസവിച്ചു. എന്തെന്നാൽ നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നതുപോലെ മറിയം മ്ശിഹായുടെ "ജനനത്തിനുമുമ്പും, ജനനസമയത്തും, ജനനത്തിനു ശേഷവും" കറയില്ലാത്ത കന്യകയായിരുന്നു. മ്ശിഹായുടെ ഉയിർപ്പിനുശേഷം ശ്ലീഹന്മാർ സമ്മേളിച്ചിരുന്ന അടയ്ക്കപ്പെട്ട മുറിയിൽ തൻെറ മഹത്വീകരിക്കപ്പെട്ട ശരീരം പ്രവേശിച്ചതുപോലെയൊ സ്ഫടികത്തിൽക്കൂടെ സൂര്യരശ്മികൾ കടന്നുപോകുന്നതുപോലെയൊ യോഗാംശങ്ങൾക്കു യാതൊരു ഹാനിയും കൂടാതെ മ്ശിഹാ മറിയത്തിൽനിന്നു ജനിച്ചു. പ്രസവസഹജമായ അരിഷ്ടതയൊ വേദനയൊ ക്ഷീണമൊ യാതൊന്നും അവൾക്കു ഉണ്ടായിരുന്നില്ല. അവൾ <u>തൻെറ</u> പുത്രനെ പ്രസവിച്ചു എന്നു വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് തൻെറ പുത്രനു ഭൂമിയിൽ പിതാവുണ്ടായിരുന്നില്ല എന്നു കാണിപ്പാൻ വേണ്ടിയാകുന്നു. ഒരു ഭൗമികപിതാവിൻെറ സഹകരണം കൂടാതെ അവൾ മാത്രമാണു് അവിടുത്തെ തിരുശ്ശരീരത്തിനു ധാതുക്കൾ നൽകിയതു്. ഈ പുത്രൻ പരിശുദ്ധത്രിത്വത്തിൻെറ രണ്ടാം ആളായ ദൈവമായിരിക്കുന്നതുകൊണ്ടു മറിയം ദൈവത്തിൻെറ അമ്മയെന്നു ന്യായമായി വിളിക്കപ്പെടുന്നു. "കടിഞ്ഞൂൽപുത്രൻ"

എന്നു രേഖപ്പെടുത്തിയിരിക്കുന്നത് ഇതിനുമുമ്പു അവൾ പ്രസവിച്ചിട്ടില്ലെന്നു മനസ്സിലാക്കേണ്ടതിനാകുന്നു. ഇതിൽനിന്നു പിന്നീടു അവൾക്കു കുട്ടികൾ ജനിച്ചുവെന്നർത്ഥം വരുന്നില്ല. ശീലകളാൽ അങ്ങെ ചുററിയതു് അംഗങ്ങൾ വിരൂപമായിത്തീരാതിരിപ്പാൻവേണ്ടിയാണു്. നമ്മുടെ കർത്താവിനെ സംബന്ധിച്ചേടത്തോളം ഇതാവശ്യമില്ലായിരുന്നെങ്കിലും മാതാക്കൾ സാധാരണ തങ്ങളുടെ കുട്ടികളെ ശീലകൊണ്ടു ചുററാറുള്ളതുപോലെ മറിയവും താൻ കൊണ്ടുവന്നിരുന്ന ശീലകൾകൊണ്ടു ചുററിയെന്നേയുള്ളു. ഇതെല്ലാം അവൾ തന്നത്താനാണു് ചെയ്തതു്. മുകളിൽ വിവരിച്ചിരിക്കുന്നതുപോലെ ഇതൊരു അത്ഭുത പ്രസവമായിരുന്നതിനാൽ അവൾക്കു പരസഹായം ആവശ്യമുണ്ടായിരുന്നില്ല. ഒരു മൃഗത്തൊട്ടിയിൽ അങ്ങെ കിടത്തി എന്നു പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു അങ്ങു് ഒരു തൊഴുത്തിലാണു് ജനിച്ചതെന്നു അനുമാനിക്കാം. ഒരു തൊഴുത്തിലെ ഏററവും നല്ലഭാഗം മൃഗത്തൊട്ടിയാണല്ലൊ. ഈ തൊഴുത്തിൽ ഒരു കാളയേയും കഴുതയേയും ബന്ധിച്ചിരുന്നു എന്നുള്ള ഐതിഹ്യം വേദപുസ്തകത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണു്. ഇപ്പോൾ ഈ മൃഗത്തൊട്ടി റോമായിലെ സെയിൻറു് മേറി മേജർ ബസലിക്കയിൽ സൂക്ഷിച്ചു ഭക്തിപൂർവ്വം വണങ്ങിവരുന്നു. വഴിയമ്പലത്തിൽ അവർക്കു സ്ഥലമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ പേർവഴി ചാർത്തുന്നതിനു നാനാഭാഗങ്ങളിൽനിന്നും അനവധി ജനങ്ങൾ വന്നു ചേർന്നിരുന്നു. പോരെങ്കിൽ അവർ നിർദ്ധനരുമാണു്. ധനവാന്മാർക്കും ബഹുമാന്യ അതിഥികൾക്കുമാണല്ലൊ സ്ഥലം എല്ലായിടത്തും ലഭിക്കാറുള്ളതു്. ഈ തൊഴുത്തു മിക്കവാറും നഗരത്തിൻെറ കിഴക്കെ അററത്തു കരിങ്കല്ലു വെട്ടിയുണ്ടാക്കീട്ടുള്ളതായിരിക്കണം. സ്നേഹത്തിൻെറയും എളിമയുടെയും അഗാധം നോക്കുക! "ദൈവം അത്രയധികം ലോകത്തെ സ്നേഹിച്ചു!"

"എന്നാൽ ആ ദേശത്തിൽ ഉറക്കമിളച്ചു തങ്ങളുടെ ആട്ടിൻകൂട്ടത്തിന്മേൽ രാത്രിയാമം കാത്തുകൊണ്ടിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു." അതായതു് ബെത്ലഹേമിനു സമീപമുള്ള വയ

ലുകളിൽ തങ്ങളുടെ ആടുകളെ ചെന്നായ്ക്കളിൽനിന്നും തസ്കര ന്മാരിൽനിന്നും രക്ഷിക്കുന്നതിനൊ ആടുകൾ കൂട്ടംപിരിഞ്ഞു പോകാതെ സൂക്ഷിക്കുന്നതിനൊ ഇടയന്മാർ മാറി മാറി കാത്തു കൊണ്ടിരുന്നു.

"അപ്പോൾ ഇതാ കർത്താവിന്റെ ദൂതൻ അവരുടെ അരികിൽ വന്നുനിന്നു; ഒരു ദൈവികപ്രകാശവും അവരെ ചുഴന്നു; അതിനാൽ അവർ വളരെ ഭയപ്പെട്ടുകയുംചെയ്തു." ദൈവസന്നിധിയിൽനിന്നു സ്വൎഗ്ഗീയ പ്രഭാവത്തോടുകൂടെ മനുഷ്യരൂപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടതു് ഗബ്രിയേൽ ദൂതനാണെന്നു സാധാരണ വിചാരിക്കപ്പെടുന്നു. പ്രകൃത്യാതീതങ്ങളായ സംഭവങ്ങൾ കാണുമ്പോൾ മനുഷ്യൎക്കു സാധാരണയുണ്ടാകാറുള്ളതുപോലെ ഒരു ഭയം അവൎക്കുമുണ്ടായി. കൂടാതെ യഹൂദന്മാരുടെയിടയിൽ ഒരു മാലാഖയെ കാണുന്നവൻ മരിക്കുമെന്നു ഒരു ധാരണയുണ്ടായിരുന്നു. മാലാഖമാർ ഇടയന്മാൎക്കു പ്രത്യക്ഷപ്പെട്ടതിന്റെ കാരണം, അവർ ദരിദ്രരും വിനീതരും തന്റെ ആടുകൾക്കുവേണ്ടി സ്വജീവനെ ബലികഴിക്കുന്നവനുമായ നല്ല ഇടയന്റെ ദൌത്യം വഹിച്ചിരുന്നതുകൊണ്ടാണു്.

"അപ്പോൾ ദൈവദൂതൻ അവരോടു പറഞ്ഞതായതു്: നിങ്ങൾ ഭയപ്പെടേണ്ട, എന്തുകൊണ്ടെന്നാൽ ഇതാ സകല ജനത്തിനും ഉണ്ടാകുവാനിരിക്കുന്ന മഹാ സന്തോഷസുവിശേഷം നിങ്ങളോടു ഞാൻ അറിയിക്കുന്നു. എന്തെന്നാൽ ഇന്നു ദാവീദിൻ നഗരത്തിൽ മിശിഹാനാഥനായ രക്ഷിതാവു നിങ്ങൾക്കു പിറന്നിരിക്കുന്നു. ശീലകളാൽ ചുററപ്പെട്ടും മൃഗത്തൊട്ടിയിൽ കിടത്തപ്പെട്ടുമിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കണ്ടെത്തും; ഇതുതന്നെ നിങ്ങൾക്കു അടയാളം." ഭൂമിയിലെ സകല ജാതികൾക്കുമുണ്ടാകുവാനിരുന്ന വലിയ സന്തോഷത്തെ മാലാഖാ ഇടയന്മാരോടു അറിയിച്ചു. "ഇന്നു"-അതു അൎദ്ധരാത്രി സമയമായിരുന്നു; ഒരു നവദിനം ആരംഭിക്കുന്നതു് ഇപ്പോഴാണല്ലൊ. മനുഷ്യകുലരക്ഷകൻ, നാഥൻ, മിശിഹാ, അഭിഷിക്തൻ, ബെത്ലഹേമിൽ ജാതനായിരിക്കുന്നു. മാലാഖയുടെ അറിയിപ്പിന്റെ യാ

ഥാത്മ്യത്തിന്റെ ഒരു തെളിവ് അഥവാ അടയാളമായി, ശിശുവിനെ ഏതു സ്ഥിതിയിൽ അവർ കാണുമെന്നു മാലാഖാ പറയുന്നു. ആ തൊഴുത്ത് ഇടയന്മാർക്കു അറിയപ്പെട്ടതായിരുന്നിരിക്കണം. ദൂതൻ മൃഗത്തൊട്ടിയിരിക്കുന്ന സ്ഥലം നിർദ്ദേശിക്കുകയും ദൈവം ആന്തരികപ്രകാശത്താൽ അവരെ അവിടേക്കു നയിക്കുകയും ചെയ്തിരിക്കാൻ എളുപ്പമുണ്ട്.

"അപ്പോൾ തത്സമയത്തിൽ സ്വർഗ്ഗീയസൈന്യഗണം ആ ദൂതനോടുകൂടെ ചേർന്നു ദൈവത്തെ സ്തുതിച്ചു ചൊല്ലിയതായത്: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ നന്മനസ്സുള്ള മനുഷ്യർക്കു സമാധാനവും (ഉണ്ടായിരിക്കട്ടെ.)" ആ നിമിഷത്തിൽ അനേകം മാലാഖാമാർ ഇറങ്ങിവന്നു ആദ്യത്തെ മാലാഖായുടെ സാക്ഷ്യത്തെ സ്ഥിരീകരിക്കയും ദൈവത്തിന്റെ പ്രവൃത്തികളിൽവെച്ചു മഹത്തമമായ ഈ സൃഷ്ടിയെ, പുത്രന്റെ ജനനത്തെ, മനുഷ്യാവതാരത്തെ സ്തുതിക്കയും ചെയ്തുകൊണ്ടു അഭിനവങ്ങളും വിശിഷ്ടങ്ങളുമായ ഗാനങ്ങൾ ആലപിച്ചുതുടങ്ങി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി! ഇതു വെറും ഒരു ഇച്ഛാർത്ഥകമല്ല. ദൈവം സ്തുതിക്കപ്പെട്ടവനാകുന്നു; അതായത് അവിടുന്നു അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിനു നല്കപ്പെടുന്ന ഈ സ്തുതിയാൽ സമാധാനം ഭൂമിയിൽ സ്ഥാപിതമാകുന്നു. നന്മനസ്സുള്ള മനുഷ്യർ എന്നുപറഞ്ഞാൽ, മിശിഹാ എല്ലാവരുടെയിടയിലും സമാധാനം സ്ഥാപിക്കാനാണ് വന്നതെങ്കിലും തന്റെ അനുഗ്രഹങ്ങളും ആശീർവ്വാദവും സ്വീകരിപ്പാൻ ഒരുക്കമുള്ളവർ എന്നു മനസ്സിലാക്കേണ്ടതാകുന്നു. സമാധാനം എന്നതിനു എല്ലാവിധത്തിലുമുള്ള അനുഗ്രഹങ്ങൾ അഥവാ ദൈവത്തോടുള്ള യോജിപ്പും അല്ലെങ്കിൽ മനുഷ്യർ തമ്മിലുള്ള സമാധാനവും എന്നർത്ഥമാകുന്നു.

# എൻെറ മാനസാന്തരം.

(മിസ്സസ് ഫിലിപ്പാ മില്ലർ.)

എൻെറ മാതാപിതാക്കന്മാർ പ്രോട്ടസ്റ്റാൻറു് മതവിശ്വാസികളായിരുന്നു. എങ്കിലും, എൻെറ സഹോദരിയുടെ വിവാഹദിനത്തിലല്ലാതെ അവർ പള്ളിയിൽ പോയതായി എനിക്കു ഓൎമ്മയില്ല. അവർ കേവലം നാമമാത്രക്രിസ്ത്യാനികളായിരുന്നു. പിതാവു് ബലിയോൽ കോളേജിലെ എം. എ. ബിരുദം, ലണ്ടൻ സൎവ്വകലാശാലയിലെ എൽ. എൽ. ഡി. ബിരുദം സമ്പാദിച്ച ഒരു ഓക്സ്ഫോർഡ്കാരനായിരുന്നു. അദ്ദേഹത്തിൻെറ ബാല്യകാലത്തുതന്നെ മാതാപിതാക്കന്മാർ അന്തരിച്ചുപോയി. തന്നെ വളൎത്തിയ എവൻജെലിക്കൽ സഭാംഗങ്ങളായിരുന്ന കൊച്ചമ്മയിൽനിന്നും അമ്മാവന്മാരിൽനിന്നുമാണു് പിതാവു് പ്രാഥമികമതോപദേശം സ്വീകരിച്ചതു്. ഏതന്മൂലം ക്രൈസ്തവമതത്തെപ്പററിയുള്ള സാക്ഷാത്തായ ജ്ഞാനം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നില്ല. അതിനാൽ അദ്ദേഹത്തിൻെറ അരുമസന്താനങ്ങളായ ഞങ്ങളും മതബോധരഹിതരായി വളൎന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. കിംബഹുനാ, മാതാപിതാക്കന്മാർ ഈഷൽഭേദമെന്യെ കത്തോലിക്കമതത്തെയെന്നല്ല, കത്തോലിക്കമതസംബന്ധമായ സമസ്തവും സൎവ്വാത്മനാ വെറുത്തിരുന്നു. റോമാസഭയെ അവിശ്വസിക്കുന്നതിനും, പോരാ, ഭയപ്പെടുന്നതിനുകൂടി ഞാൻ പ്രേരിതനായി. ജെസ്വീററു് സഭയിലെ വൈദികരുമായുള്ള എൻെറ സഹവാസം തടയുന്നതിനും, കത്തോലിക്കസഭയ്ക്കെതിരായ പുസ്തകങ്ങൾ വായിക്കുന്നതിനും ഞാൻ നിൎബ്ബന്ധിതയായിരുന്നു.

ഏവംവിധം ഇരുപത്തിരണ്ടു വയസ്സുവരെ ഈദൃശസാഹചൎയ്യങ്ങളിൽ ഞാൻ ജീവിച്ചശേഷം, നഴ്സിംഗ്ജോലി പരിശീലിക്കുന്നതിനായി മെൽബോണിലേക്കു പോയി. അവിടെ ആശുപത്രിയിൽ മരിച്ചും മരിക്കാറായും മററും പലതരത്തിലുള്ള മനുഷ്യകീടത്തിൻെറ കഷ്ടസ്ഥിതികൾ എനിക്കു കാണാനിടവരികയും, ഈ കാഴ്ചകൾ മതത്തെപ്പററിയും അതിനെ സംബന്ധിച്ചേടത്തോളം എൻെറ നിലയെപ്പററിയും പ്രൌഢങ്ങളായ ചി

ന്തകാം എന്നിൽ അങ്കുരിപ്പിക്കയുംചെയ്തു. ഞാൻ മാമ്മോദീസാ വെങ്കിലും സ്വീകരിച്ചിരുന്നോയെന്നു സംശയിക്കയാൽ പ്രസ്തുത വിവരം പിതാവിനോടു എഴുതി ചോദിച്ചു. ഇല്ലെന്നായിരുന്നു മറുപടി. ഉടനെ ആസ്ത്രപത്രിയിലെ ചാപ്ലനുമായി ആലോചിച്ചു, ഉപദേശത്തിനും ജ്ഞാനസ്നാനസ്വീകരണത്തിനുംവേണ്ട സജ്ജീകരണങ്ങാംചെയ്തു. മാമ്മോദീസയ്ക്കു വിശാലമനസ്കനായ ഒരു വൈദികനും, സ്ഥിരീകരണക്രൂദാശയ്ക്കു മെൽബോണിലെ മെത്രാനുമാണ് എന്നെ സഹായിച്ചതു്. ഇപ്രകാരം വാസ്തവത്തിൽ ഇരുപത്തൊണ്ടാമത്തെ വയസ്സിലാണ് ഞാൻ ഒരു യഥാൎത്ഥ ക്രിസ്തീയ ജീവിതം നയിച്ചുതുടങ്ങിയതു്. എന്നാൽ, അതീതകാലങ്ങളിലെ എൻെറ മതരഹിതമായ ജീവിതത്തിനു എന്തെങ്കിലും പരിഹാരം ചെയ്യു മതിയാവൂ എന്നു എനിക്കു തോന്നി. ആകയാൽ 'വെർമൻ സ്റ്റാൻലി' എന്ന ഗ്രന്ഥകൎത്താവു പ്രസിദ്ധപ്പെടുത്തിയിരുന്ന 'കത്തോലിക്ക മതം', 'അനുകരണീയ മതം', 'സ്വാഭാവികമതം' എന്ന പുസ്തകങ്ങാം ഞാൻ വാങ്ങി വായിച്ചു. ഇവയിൽ 'കത്തോലിക്ക മതം' എന്ന പുസ്തകം എന്നെ വല്ലാതെ അസ്വസ്ഥയാക്കിത്തീൎത്തു. ഏതൽഫലമായി അന്നു മെൽബോണിൽ പ്രേഷിതവേല നടത്തിയിരുന്ന കാനൻ കാട്ടർ അവർകളെ ഒന്നു നേരിട്ടുകണ്ടു സംസാരിക്കണമെന്നു ഞാൻ തീൎച്ചപ്പെടുത്തി. സകലതും പഠിച്ചുകഴിഞ്ഞു "സ്ഥിരീകരണ" ക്രൂദാശ സ്വീകരിക്കാൻ ഞാൻ സന്നദ്ധയായിരുന്ന ഈ സമയത്തു് ഇതുവരെയും കേട്ടിട്ടില്ലാത്ത തത്വങ്ങാം ഗ്രഹിക്കാനിടയാകയാൽ അദ്ദേഹത്തോടു നേരിട്ടു ചോദിച്ചു മനസ്സിലാക്കണമെന്നുള്ളതായിരുന്നു എൻെറ സന്ദൎശനോദ്ദേശം. എന്നാൽ ആ വന്ദ്യവൈദികനെ എനിക്കു കാണാൻ സാധിച്ചില്ല. അദ്ദേഹത്തിനു പനി പിടിപെട്ടു വിഷമസ്ഥിതിയിൽ കിടന്നിരുന്നു. അദ്ദേഹത്തിൻെറ ഈ ദുരവസ്ഥയിൽ ആംഗ്ലിക്കൻ സഭാമെത്രാൻ സന്തുഷ്ടനായി, ഇനി അദ്ദേഹം റോമാസഭയ്ക്കു സേവനം ചെയ്യുവാൻ ഇടയാക്കല്ലെ എന്നു പ്രാൎത്ഥിച്ചിരുന്നുവെന്നുകൂടി ഒരു കിംവദന്തിയുണ്ടു്. ഇതിൻെറ വാസ്തവം എങ്ങനെ ആയിരുന്നാലും, ആ വൈദികൻ ത

ക്ഷാപെട്ടുകതന്നെ ചെയ്തു. എന്നാൽ താമസംവിനാ അദ്ദേഹം ഇംഗ്ലണ്ടിലേക്കു പ്രത്യാഗമനം ചെയ്യുകയാണു് ചെയ്തതു്.

ഈ അവസരത്തിൽ സ്ഥലത്തെ പ്രോട്ടസ്റ്റൻറു വൈദികനും ഒരു കത്തോലിക്ക മെത്രാനുമായുണ്ടായിരുന്ന വൈരം പ്രതിദിനപത്രത്തിൽ പ്രതിബിംബിച്ചുതുടങ്ങി. ഞാൻ അവരുടെ വാദമുഖങ്ങൾ സശ്രദ്ധം വായിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ വികാരിയുടെനേൎക്കു എനിക്കു അഭിമാനം തോന്നുകയാൽ അദ്ദേഹത്തെ കണ്ടു സംസാരിച്ചു സംഗതികൾ മനസ്സിലാക്കുവാനായി ഞാൻ അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടു. ഞാൻ അതുവരെ മനസ്സിലാക്കിയിരുന്ന ആംഗ്ലിക്കൻ സഭയും അദ്ദേഹം ആദൎശമാക്കിയിരുന്ന സഭയുമായി ഗണ്യമായ വ്യത്യാസം അദ്ദേഹവുമായുണ്ടായ സംഭാഷണത്തിൽനിന്നു എനിക്കു ബോധപ്പെട്ടു. അദ്ദേഹം നിൎദ്ദേശിച്ചിരുന്ന സഭയിലെ മതസിദ്ധാന്തങ്ങളും ഏഴു കൂദാശകളും പ്രോട്ടസ്റ്റാൻറുകാർ സ്വീകരിച്ചിരുന്നു. യഥാൎത്ഥത്തിൽ വി. അഗുസ്തീനോസിൻെറ കാലംവരെ നിലനിന്നുപോന്നിരുന്ന സഭയും ആംഗ്ലിക്കൻ സഭയും ഒന്നാണെന്നു അദ്ദേഹം യുക്തിവാദംചെയ്തു. എൻെറ സന്തോഷം സീമാതീതമായി. അദ്ദേഹത്തിൻെറ തെളിവുകൾ ന്യായമെങ്കിൽ സംശയംവിനാ ഞാൻ ഒരു കത്തോലിക്ക സഭാംഗമായിരുന്നു. എന്നാൽ പാപ്പായുടെ ആധിപത്യം സമ്മതിക്കുന്നുണ്ടോ ? എന്നായിരുന്നു എൻെറ അനന്തരസംശയം. രണ്ടാമതും ഞാൻ ആ വൈദികനെ കണ്ടുമുട്ടി. "മെൽഅഗസ്റ്റസ്" എന്ന പത്രത്തിൽ ചില ലേഖനങ്ങൾ കണ്ടതു് അദ്ദേഹത്തിൻെറതന്നെയാണെന്നു താൻ സമ്മതിച്ചു. അദ്ദേഹം പാപസങ്കീൎത്തനം നടത്തുന്നുണ്ടോ എന്നു ഞാൻ വീണ്ടും ചോദിച്ചു. ഈ ചോദ്യം അദ്ദേഹത്തിനു തീരെ രസിച്ചില്ല. മാത്രമല്ല, ദേഷ്യം സഹിക്കവയ്യാതെ കോപത്തോടെ പല്ലുകടിച്ചു തുറിച്ചുനോക്കിക്കൊണ്ടു പാപസങ്കീൎത്തനത്തിനു നീ എന്തു പാപംചെയ്തു ? വാസ്തവത്തിൽ നീ പാപസങ്കീൎത്തനത്തിനു ഒരുങ്ങുകയാണോ ? എന്നുള്ള ചോദ്യവൎഷങ്ങൾ തുടങ്ങി. ഞാൻ അദ്ദേഹത്തെ കളിപ്പിക്കയാണെന്നോ മറ്റൊ വിചാരിച്ചോ, അഥ

വാ അദ്ദേഹത്തെ തർക്കിച്ചു വിജയിക്കാൻ ശ്രമിക്കയാണെന്നു കരുതിയൊ ആയിരിക്കാം അദ്ദേഹത്തിനു ഇത്ര വളരെ നീരസം തോന്നിയതു്. ഞാൻ അവിടെനിന്നു ഓടി ഒളിച്ചു. അതോടുകൂടി കത്തോലിക്ക സഭയെക്കുറിച്ചുള്ള വിശ്വാസം എന്നിൽ പ്രബലപ്പെട്ടുതുടങ്ങി.

ഞാൻ ഒരു യഥാർത്ഥ കത്തോലിക്ക സഭാംഗമാകുവാനുണ്ടായ കാരണങ്ങളെല്ലാം ഇവിടെ വിവരിക്കാൻ മുതിരുന്നില്ല. എന്നാൽ പ്രധാനമായിട്ടുള്ളവയെ ഗോപനംചെയ്യുവാൻ നിവൃത്തിയുമില്ല. പ്രഥമതഃ ഈശ്വരസന്നിധിയിൽ ഞാൻ അപരാധിനിയായി എന്ന ചിന്തയും, കത്തോലിക്ക സഭയിലല്ലാതെ പരിശുദ്ധ മുക്തി നേടുവാൻ അപരമാർഗ്ഗമില്ലെന്നുള്ള ബോധവും, കത്തോലിക്ക സഭയ്ക്കുപുറമെ പാപവിമോചനസിദ്ധിയില്ലെന്നുള്ള ഖണ്ഡിതമായ അറിവുമാണ് എന്നെ കത്തോലിക്ക മതത്തിലേക്കു ഹഠാദാകർഷിച്ചതു്. വളരെനാൾ ആംഗ്ലിക്കൻ സഭാസിദ്ധാന്തങ്ങളും പഠനങ്ങളും അവധാനപൂർവ്വം സംശോധനചെയ്തു തുടങ്ങിയപ്പോൾ, അതിലെ ചില അവാസ്തവങ്ങൾ എനിക്കു പ്രത്യക്ഷപ്പെട്ടു. ആംഗ്ലിക്കൻ സഭാതത്വങ്ങൾ റോമൻ കത്തോലിക്ക സഭയുടേതുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ അവ നിശ്ശേഷം നിസ്സാരങ്ങളായി ആവിഷ്കരിച്ചു. കത്തോലിക്ക സഭ യാതൊരുതരത്തിലുമുള്ള ഭീതിക്കൊ അവിശ്വാസത്തിനൊ അടിസ്ഥാനമില്ലാത്തതായും, സർവ്വഥാ പൂജ്യവും ആദരണീയവുമായും തോന്നി. മാത്രമല്ല, ഈ കാലങ്ങളിൽ ഏതൊ ഒരു ദിവ്യശക്തി എന്നെ ഇതിലേക്കു ആകർഷിച്ചുമിരുന്നു.

വർഷങ്ങൾ പലതും കഴിഞ്ഞു. ഞാൻ വിവാഹിതയുമായി. ഇംഗ്ലണ്ടിലേക്കു ഞാൻ മടങ്ങിയപ്പോൾ എന്റെ പെൺകുട്ടിയെ ഒരു കന്യകാമഠത്തിൽ ചേർത്തു. ഇതായിരുന്നു എന്റെ പരമോദ്ദേശപ്രാപ്തിയുടെ പ്രഥമഭാഗം. കത്തോലിക്ക സഭയെപ്പറ്റിയുള്ള ഭീതിയും അവിശ്വാസവും പാടെ വിപാടനംചെയ്തു. ഒരു ദിവസം ഞാൻ ഈശോസഭക്കാരാൽ നടത്തിവന്ന ഒരു ദേവാലയത്തിൽ പോയി ഒരു വൈദികനെ സന്ദർശിച്ചു എന്നൊ കത്തോ

ലിക്ക മതത്തിൽ ചേക്കണമെന്നു ഞാൻ അദ്ദേഹത്തോടു അപേക്ഷിച്ചു. പ്രഥമദൃഷ്ടിയിൽ അദ്ദേഹത്തിനു എൻെറമേൽ സംശയം ഉദിച്ചുവെങ്കിലും, പിന്നീടു വൈദികൻ എന്നെ വിശ്വസിക്കയും, എൻെറ അഭിലാഷപ്രാപ്തിക്കായി പരിശ്രമിക്കാമെന്നും ഉടൻ ഉപദേശം തുടങ്ങാമെന്നും വാഗ്ദാനം ചെയ്യുകയുംചെയ്തു. പ്രസ്തുത വിവരം ഭത്താവിനെ അറിയിച്ചപ്പോൾ അദ്ദേഹം എൻെറ ഉദ്ദേശത്തെ തടുക്കുകയാണു് ചെയ്തതു്. തന്മൂലം നാലു വഷങ്ങളോളം ഞാൻ അസ്വസ്ഥയായി വി. കുബ്ബാന കണ്ടും, വി. കുബ്ബാനയുടെ പരസ്യമായ ആരാധനയിൽ സംബന്ധിച്ചും, പ്രാത്ഥനകൾ പഠിച്ചും കത്തോലിക്ക മതഗ്രന്ഥങ്ങൾ വായിച്ചും കഴിച്ചുകൂട്ടി. ഈശോയുടെ തിരുഹൃദയത്തോടുണ്ടായിരുന്ന ഭക്തി എൻെറ മനശ്ശക്തി വദ്ധിപ്പിച്ചിരുന്നു.

ഒരു ദിവസം ദൈവാനുഗ്രഹത്താൽ എനിക്കു ആജീവനാന്താ ആനന്ദബാഷ്പം ഉണ്ടാകുമാറു് അവിചാരിതമായി ഭത്താവു് എൻെറ കത്തോലിക്കമതസ്വീകരണത്തിനു അനുവാദം നൽകുകയും, ഉടനെ സുസ്ഥിരസമാധാനനിദാനമായ പത്രോസിൻെറ പെട്ടകത്തിലേക്കു ഞാൻ ആനയിക്കപ്പെടുകയുംചെയ്തു. ഇവ്വിധമാണു് പാരത്രികജീവിതത്തിൽ നിത്യസൌഭാഗ്യപ്രാപ്തിക്കു ഏകമാഗ്ഗമായ കത്തോലിക്ക മതത്തിൽ ചേരുന്നതിനു എനിക്കു ഭാഗധേയം ലഭിച്ചതു്. പ., റവ. ഫാദർ തോമസു മൂഞ്ഞേലി.

## ജീവിതസ്ഥിതികൾ. (തുടച്ചു)

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

പ്രസ്തുത തത്വത്തിൻെറ സഭയിലുള്ള ഇദാനീന്തനമുള്ള പ്രവത്തനത്തെപ്പററിപ്പറയുന്നപക്ഷം, സ്വഭാവാതീതങ്ങളായ ആശയവിശേഷത്താൽ പ്രേരിതരായി അവിവാഹിത ജീവിതത്തിൽ തങ്ങളെത്തന്നെ വിശുദ്ധീകരിച്ചിട്ടുള്ള സിദ്ധന്മാർ തിരുസ്സഭയിൽ ധാരാളമുണ്ടെന്നുള്ളതു് തിരുസ്സഭയുടെ ഒരു അസാമാന്യ

വിജയമാകുന്നു. സന്ന്യാസവൎയ്യനായ വി. യോഹന്നാൻ മാംദാന, കൎത്താവിൻെറ വാത്സല്യ ശിഷ്യനായ വി. യോഹന്നാൻ, വി. മത്താ എന്നിവർ, ആജീവനാന്തം ചാരിത്ര്യ ജീവിതസ്ഥിതിയിൽ നിലനിന്നവരത്രെ. അഗ്നേസ്, ബർബരാ, സിസിലിയാ, ലൂസിയാ, മത്തീനാ, അഗെത്താ, ദൊറോത്തി, എന്നീ പൌരാണിക റോമ്മാസഭയുടെ ധീരയുവതീമണികൾ അവരുടെ ചാരിത്രശുദ്ധി ഭഞ്ജിക്കപ്പെടുന്നതിനേക്കാൾ, മരണം കൈവരിച്ചു, വേദസാക്ഷിനികളായ ലോകമഹാമഹിതകളായി നിതരാം ശോഭിക്കുന്നു. അങ്ങിനെതന്നെ വൈവാഹിക ജീവിതസ്ഥിതിയിലെ നിയമാനുസൃതമായ സുഖഭോഗങ്ങൾ ധീരധീരം കൈവെടിഞ്ഞ വിശാല മനസ്കരായ ആത്മാക്കളും തിരുസ്സഭാചരിത്രത്തിൽ ഓരോ ശതകത്തിലും ധാരാളമാണ്.

ഹാ! നമ്മുടെ യുവതീയുവാക്കന്മാരും ഈ തത്വം നേരാംവണ്ണം ഗ്രഹിച്ചിരുന്നെങ്കിൽ, കൂടുതൽ പരിപൂൎണ്ണമായ ഒരു ജീവിതത്തിനു എത്രയോപേർ തങ്ങളെത്തന്നെ സമൎപ്പിക്കുമായിരുന്നു! സഭാമാതാവിനെ ശുശ്രൂഷിക്കുന്നതിനും, അവളുടെ വേലകൾ ശ്രേയസ്കരമാംവണ്ണം നടത്തുന്നതിനും പൎയ്യാപ്തമായ ഒരു ജീവിതസ്ഥിതിക്കു ആത്മനാഥനായ മ്ശിഹാ നമ്മുടെ യുവതീയുവാക്കന്മാരെ വിളിക്കട്ടെ എന്നും അവർ അങ്ങെ മാധുൎയ്യവിളിയെ ശ്രവിക്കട്ടെ എന്നുമാണ് ഈ തരുണത്തിൽ എൻെറ ഉള്ളഴിഞ്ഞുള്ള പ്രാൎത്ഥന.

മുകളിൽപ്പറഞ്ഞവിധം വിവാഹജീവിതം ഓരോരുത്തരും കൈവെടിയുന്നപക്ഷം, ജനസംഖ്യ സാരതരമായി ബാധിക്കപ്പെടുകയും, കാലക്രമത്തിൽ മനുഷ്യഗണത്തിൻെറ വൎദ്ധനവ് അധോഗതി പ്രാപിക്കുകയും ചെയ്യുമെന്നു മിഥ്യാവാദം ചെയ്യുന്നവരോടും ഈ തരുണത്തിൽ രണ്ടു വാക്കു പറയേണ്ടതുണ്ട്. മനുഷ്യരെല്ലാവരും അഥവാ ഭൂരിപക്ഷമെങ്കിലും അവിവാഹിതരായി വൎത്തിക്കുമെന്നു ഭയപ്പെടാനില്ലെങ്കിൽ, ജനസംഖ്യയെപ്പററിയുള്ള അവരുടെ ആശങ്കജനകമായ അനുമാനം അതിനാൽതന്നെ ശിഥിലമാണല്ലോ. മാത്രമല്ലാ അവിവാഹിതജീവിതം നയിക്കുന്നതിനു ലോകഗുരുവായ മ്ശിഹാ കല്പിക്കുന്നില്ല പ്രത്യുത ഉപ

ദേശിക്കമാത്രമേ ചെയ്യുന്നുള്ളു. ആയതിനാൽ അവിവാഹിതത്വത്തിനുള്ള വിളിയെ ഓരോരുത്തരും അവശ്യം അനുവത്തിക്കണമെന്നില്ലല്ലൊ. അതുകൊണ്ടുതന്നെയാണല്ലൊ "ഈ വചനം എല്ലാവരും സ്വീകരിക്കുന്നില്ല: എന്നാൽ ആൎക്ക് ഇതു നൽകപ്പെട്ടിരുന്നുവൊ, അവർമാത്രം (സ്വീകരിക്കുന്നു)" എന്നു അവിടുന്നു പ്രകടമായി പ്രസ്താവിച്ചിരിക്കുന്നതു്. ഇനിയും മനുഷ്യവൎഗ്ഗം ശ്രൂഖലത്തിൽനിന്നു അപ്രത്യക്ഷമാകുന്ന ഭയങ്കരവിപത്തിനെ ദൈവപരിപാലന യഥാസമയം തടയാതിരിക്കുമോ? ഒരിക്കലുമില്ല. വിവാഹങ്ങളുടെ സംഖ്യ അത്ര ചുരുങ്ങുന്നതിനു ദൈവപരിപാലന സമ്മതിക്കുകയില്ല. അഥവാ സമ്മതിച്ചാൽതന്നെയും, ചുരുക്കം കുടുംബസ്ഥന്മാൎക്കു സന്താനലാഭം ക്രമാതീതമായി ലഭിക്കുവാനും പാടുള്ളതാണല്ലൊ. ഇവിടെ വേറൊരു സംഗതികൂടെയും പ്രത്യേകം നാം അനുസ്മരിക്കണം. മനുഷ്യരിൽ ഒരു നല്ല ഭാഗം ഈശോയ്ക്കു പൂൎണ്ണമായി വിധേയരായി ജീവിക്കുമ്പോൾ ജനതതിക്കു് മതപരമായും സാന്മാൎഗ്ഗികമായും ഒരു ഉണൎവ് ഉണ്ടാകാതിരിക്കയില്ല. അതെ, ക്രൈസ്തവ ആദൎശങ്ങൾക്കനുസാരമായി, യാതൊരു ജനസമൂഹം പുരോഗമിക്കുമ്പോൾ, അവിടെ വ്യക്തിക്കും, സമുദായത്തിനും, രാഷ്ട്രത്തിനും, യഥാൎത്ഥമായ ഐശ്വൎയ്യം ഉണ്ടാകുന്നതാണു്.

വിവാഹ ജീവിതസ്ഥിതിയെക്കുറിച്ചു ഇത്രയുംമാത്രം വിസ്തരിച്ചശേഷം, മറ്റുജീവിതസ്ഥിതികളിലേക്കു കടക്കുന്നു. എന്നാൽ പൌരോഹിത്യം സന്യാസം എന്നിവകളെപ്പറ്റി സാമാന്യം ദീൎഘമായി പ്രതിപാദിക്കണമെന്നു കരുതുന്നതിനാൽ, തല്ക്കാലം അവയെ പരാമൎശിക്കാതെ, ചാരിത്ര്യം, കന്യാത്വം, ഇവയെപ്പറ്റി ചുരുക്കമായി ഏതാനും ചില പ്രസ്താവങ്ങൾ ചെയ്തുകൊണ്ടു ലേഖനം ഉപസംഹരിക്കുന്നു.

സ്ത്രീപുരുഷന്മാരുടെ അവിവാഹിതാവസ്ഥയെ കുറിക്കുന്നതിനായി, ചാരിത്ര്യശുദ്ധിയുള്ളവൾ, ചാരിത്ര്യശുദ്ധിയുള്ളവൻ എന്നിങ്ങനെ, (Celibate, Virgin) പ്രത്യേക സംജ്ഞകൾ ഇതരഭാഷകളിൽ കാണുന്നുണ്ട്. നമ്മുടെ മാതൃഭാഷയിലാകട്ടെ, ക

ന്യകാപട്യം സ്ത്രീക്കുമാത്രമെ സാധാരണയായി നൽകാറുള്ളു. എന്നാൽ ഈ ആശയ വിശേഷം വരുത്തുന്ന ഒരു സംജ്ഞ പുരുഷനും വേണ്ടതുതന്നെ.

വിവാഹത്തിൽനിന്നുള്ള നിവൃത്തികൊണ്ടുമാത്രം അവിവാഹിക ജീവിതസ്ഥിതി വിവാഹജീവിതത്തെ അപേക്ഷിച്ചു ഉൽകൃഷ്ടപ്പമെന്നു വിധിച്ചുകൂടാ. ഒരു ജീവിതസ്ഥിതി മററതിനെക്കാൾ ഉപരിയാണെന്നു പറയുന്നതിനു ഏതാനും ചില വ്യവസ്ഥകൾ തികഞ്ഞേതീരു എന്നുള്ളതാണ് ഇതിന്റെ ഹേതു. ആയതിനാൽ, ദൈവത്തിന്റെ സ്തുതി, സുകൃതവൃത്തികൾ ധാരാളമായി അനുഷ്ഠിക്കുന്നതിനുള്ള വാഞ്ഛ, എന്നിങ്ങനെ സുകൃതപരമായ ഉദ്ദേശ്യത്തോടുകൂടി അവിവാഹിതത്വം ആശ്ലേഷിക്കുന്നവർമാത്രമെ ഉൽകൃഷ്ടപ്പമായ ഒരു ജീവിതസരണിയെ അനുഗമിക്കുന്നുവെന്നു പറഞ്ഞുകൂടു. ഇതിൽപരമായി അവിവാഹിതർ, മനസ്സാ, വാചാ, കമ്മണാ, ചാരിത്രശുദ്ധിക്കു വിപരീതമായ പാപങ്ങൾ ചെയ്യാതിരിക്കുന്നതിനു നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം.

എന്നാൽ ചാരിത്രശുദ്ധിയേയും കന്യാത്വത്തേയും പാപപങ്കിലമാക്കാതെ പരിപാലിക്കുക മനുഷ്യസ്വഭാവത്തിനു കുറെപ്രയാസമുള്ള ഒരു സംഗതിയാണെന്നുകൂടെ ഇവിടെ ഓർമ്മിക്കണം. സ്ത്രീപുരുഷന്മാർ സഹജമായി പരസ്പരം സമാകർഷിതരാകുകയും, വിവാഹിതരായിത്തീരുന്നതിനു സാർവ്വത്രികമായി അഭിലഷിക്കുകയും ചെയ്യുന്നു. വിവാഹജീവിതത്തിനു ഗൌരവങ്ങളായ ബാദ്ധ്യതകളും, ഭാരങ്ങളും, ക്ലേശങ്ങളും ഉണ്ടെങ്കിലും, അവയോടുകൂടെതന്നെ അവിവാഹിതർ അവശ്യം പരിത്യജിക്കേണ്ടവയും പരിവജ്ജിക്കേണ്ടവയുമായ, ആനന്ദവും സുഖാനുഭോഗവും അവർക്കു യഥേഷ്ടം അനുഭവിക്കാവുന്നതത്രെ. അവിവാഹിതരാകട്ടെ, അവരുടെ വിശേഷവിധിയായ ചാരിത്ര്യത്തെ മോശംവിനാ പരിരക്ഷിക്കുന്നതിനായി അവരുടെ വിചാരങ്ങളേയും, വികാരങ്ങളേയും, സങ്കല്പനാശക്തിയേയും നിരന്തരം സംയമനം ചെയ്തുകൊണ്ടിരിക്കണം. മനുഷ്യനു ഐന്ദ്രികസുഖഭോഗങ്ങളിലേക്കുള്ള

അത്യാസക്തിയെ, ദൈവസ്നേഹത്തെപ്രതി ചാരിത്രശുദ്ധിപ്രിയന്മാർ മോചിക്കുന്നതുകൊണ്ടു, ദൈവതിരുമുമ്പാകെ അവർ എത്രയോ മാനനീയരാണ് ? ഹാ! നമ്മുടെ യുവലോകം ആദ്ധ്യാത്മികങ്ങളും, സ്വഭാവാതീതങ്ങളുമായ സംഗതികൾ അവയുടെ യഥാൎത്ഥ ഛായയിൽ ഗ്രഹിച്ചിരുന്നെങ്കിൽ! ലോകാഡംബരങ്ങളേക്കാൾ സ്വൎഗ്ഗീയസന്തോഷങ്ങളെ അതു കാംക്ഷിച്ചിരുന്നെങ്കിൽ ! കൂടുതൽ പുണ്യപൂൎണ്ണമായ ഒരു ജീവിതം നയിക്കുന്നതിന് അതിനു തൃഷ്ണയുണ്ടായിരുന്നെങ്കിൽ,! ക്ഷണഭംഗുരങ്ങളായ സുഖഭോഗങ്ങളേക്കാൾ, പരമകാരുണികനായ സ്രഷ്ടാവു അതിനു നിശ്ചയിച്ചിരിക്കുന്ന സനാതന ഭാഗ്യത്തെ അതു ആരാഞ്ഞിരുന്നെങ്കിൽ ! ബാലിശങ്ങളുടെ പിറകെ അതു പോകാതിരുന്നെങ്കിൽ ! നമ്മുടെ മാതൃരാജ്യത്തിന്റെ സ്ഥിതി എത്ര സ്പൃഹണീയമായിരുന്നേനേ! തങ്ങളുടെ ചാരിത്രശുദ്ധിയെ ആത്മനാഥനായ ദൈവത്തിനു ചിരപ്രതിഷ്ഠ ചെയ്യുന്നതിനു തന്റേടമുള്ള ആത്മാവുകളുടെ സംഖ്യ എത്ര വലുതായിരുന്നേനേ !

താൽക്കാലികങ്ങളായ സാഹചര്യങ്ങളുടെ പ്രതികൂലത്താൽ ഭാവിയിൽ സ്ഥിരമായ ഒരു ജീവിതസ്ഥിതി തിരഞ്ഞെടുത്തുകൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി താൽക്കാലികമായിമാത്രം ചാരിത്ര്യവും കന്യാത്വവും പാലിച്ചുവരുന്നവരുണ്ടു്. ഇവരുടെ പ്രവൃത്തനാരീതി നല്ലതുതന്നെ; പക്ഷെ കുറേക്കൂടെ നല്ലതിനെ അവർ ഉപേക്ഷിച്ചുകളയുന്നുവെന്നുമാത്രം. ഇനിയും ദൈവത്തിനു ഏററം പ്രസാദജനകമായവിധം ജീവിക്കണമെന്നു കരുതുകയും, എന്നാൽ പ്രത്യേക ചില സാഹചര്യങ്ങൾകൊണ്ടുമാത്രം സന്യാസമോ പൌരോഹിത്യമോ സ്വീകരിക്കുന്നതിനു കഴിവില്ലാതിരിക്കുകയും ചെയ്യുന്നവർ പാപത്തിൻകീഴ് അവിവാഹിതരായിരുന്നുകൊള്ളാമെന്നു ശപഥം ചെയ്യുന്നപക്ഷം അതു സൎവ്വഥാ ശ്ലാഘനീയവും യോഗ്യതാപരവുമാണ്.

മുകളിൽ വിവിധജീവിതസ്ഥിതികളുടെ ഗണത്തിൽ വൈധവ്യത്തെയും ഉപവിഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. തിരുസ്സഭയുടെ ആരംഭം മുതൽക്കേ വിധവകൾക്കു ഒരു പ്രത്യേക

സ്ഥാനം സഭയിൽ ഉണ്ടായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു. വിധവകളുടെ വിരഹതാപം, വിവിധക്ലേശങ്ങൾ, സഹനങ്ങൾ മുതലായ ദുരവസ്ഥകൾകൊണ്ടു വൈധവ്യം ആരുടെയും സഹതാപത്തിനു അർഹമാണ്. എന്നാൽ ശാരീരികങ്ങളും ആദ്ധ്യാത്മികങ്ങളുമായ ക്രിസ്തീയ ഉപവിയുടെ പ്രവൃത്തികൾ അനുഷ്ഠിക്കുന്നതിൽ അവർക്കു പ്രത്യേക സൌകര്യങ്ങളുമുണ്ട്. ആയതിനാൽ തങ്ങളുടെ ജീവിതസ്ഥിതിക്കടുത്ത നൈർമ്മല്യം അനുഷ്ഠിച്ചുകൊണ്ടും, തങ്ങളെത്തന്നെ ദൈവശുശ്രൂഷക്കു സമർപ്പിച്ചുകൊണ്ടും, ജീവിക്കുന്നപക്ഷം, വൈധവ്യജീവിതവും വ്യക്തിക്കും, സമുദായത്തിനും, സഭക്കും, രാഷ്ട്രത്തിനും വളരെ നന്മകൾ കൈവരുത്തുന്നതിനു പര്യാപ്തമാണ്. വി. ജയിൻ ഫ്രാൻസെസ് ദെ ഷന്താൾ, സ്വീഡനിലെ വി. ബ്രിജീത്ത ഇവർ വൈധവ്യത്തെ വിശുദ്ധീകരിച്ചവരാണ്.

വൈദികജീവിതമോ, സന്യാസജീവിതമോ കൈവരിക്കുന്നതിനു സാധിക്കാത്ത നമ്മുടെ നിരവധി യുവതീയുവാക്കന്മാർ തങ്ങളുടെ ജീവിതസ്ഥിതിയേതെന്നു ആരാഞ്ഞറിഞ്ഞു, അതിൽനിലനിന്നു സഭയേയും സമുദായത്തേയും സേവിക്കുന്നതിനു ഇടയാകട്ടെ എന്നും, അവർക്കുവേണ്ട ബുദ്ധിയുടെ പ്രകാശവും മാനസീക ധൈര്യവും, സർവ്വനന്മദായകനായ ദൈവത്തിൽനിന്നു അവർ പ്രാപിക്കട്ടെ എന്നും ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടു ഈ ലേഖനം തല്ക്കാലം ഉപസംഹരിച്ചുകൊള്ളട്ടെ.

## ജ്ഞാനസ്നാനകർമ്മം (തുടർച്ച)

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

ലേപനം: അനന്തരം, ജ്ഞാനസ്നാനാർത്ഥികളുടെ തൈലം കൊണ്ടുള്ള ആദ്യത്തെ ലേപനം നടക്കുന്നു. വൈദികൻ അദ്ദേഹത്തിന്റെ തള്ളവിരൽ തൈലപ്പാത്രത്തിൽ മുക്കിയിട്ട് കുട്ടിയുടെ നെഞ്ചിലും കൈപ്പലകകളുടെനടുവിലും കുരിശിന്റെ രൂപം

ത്തിൽപൂശിക്കൊണ്ടു പറയുന്നു: "നിനക്കു നിത്യജീവൻ ഉണ്ടാകുവാനായിട്ട് ഞാൻ നിന്നെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ രക്ഷയുടെ തൈലം കൊണ്ടു പൂശുന്നു."

നമ്മുടെ പരിശുദ്ധമായ വിശ്വാസം, പരീക്ഷകളോടു മല്ലിട്ടു ജയിക്കാനുള്ള ഒരു കവചമാകുന്നു എന്നത്രെ നെഞ്ചത്തു വരയ്ക്കപ്പെടുന്ന കുരിശടയാളത്തിൻെറ അർത്ഥം. ചുമലുകൾക്കിടയിൽ വരയ്ക്കപ്പെടുന്ന കുരിശടയാളമാകട്ടെ, നാം യേശുക്രിസ്തുവഴിയായി നിത്യരക്ഷ പ്രാപിക്കണമെങ്കിൽ, നമ്മുടെ കുരിശു അവശ്യം വഹിച്ചുകൊണ്ടു അദ്ദേഹത്തെ അനുഗമിക്കണമെന്നും സൂചിപ്പിക്കുന്നു.

ഇതിനുശേഷം, വൈദികൻ ധരിച്ചിരുന്ന ധൂമ്രവർണ്ണമായ സ്റ്റോളയുടെ സ്ഥാനത്ത് ധവളവർണ്ണമായ മറ്റൊന്നു ധരിച്ചുകൊണ്ടു സാഘോഷം ചോദിക്കുന്നു: "ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച പിതാവായ സർവ്വശക്തൻദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?" ജ്ഞാനസ്നാന മാതാപിതാക്കൾ ഉത്തരം പറയുന്നു: "ഞാൻവിശ്വസിക്കുന്നു." "തൻെറ ഏകജാതനും നമുക്കുവേണ്ടി പീഡയനുഭവിച്ചു മരിച്ചവനുമായ ഈശോകർത്താവിൽ നീ വിശ്വസിക്കുന്നുവോ?" "ഞാൻവിശ്വസിക്കുന്നു." "പരിശുദ്ധാത്മാവിലും വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ അന്യോന്യസംസർഗ്ഗത്തിലും, ശരീരത്തിൻെറ പുനരുത്ഥാനത്തിലും നിത്യജീവിതത്തിലും നീ വിശ്വസിക്കുന്നുവോ? "അതിനും അവർ "ഞാൻ വിശ്വസിക്കുന്നു" എന്നു മറുപടിപറയുന്നു. അനന്തരം വൈദികൻ കുട്ടിയെ പേർചൊല്ലി വിളിച്ചിട്ടു "നീ ജ്ഞാനസ്നാനം സ്വീകരിക്കാൻ മനസ്സാകുന്നുവോ? "എന്നു ചോദിക്കുന്നു. "മനസ്സാകുന്നു"എന്നു ജ്ഞാനസ്നാനമാതാപിതാക്കൾ ഉത്തരം പറകയുംചെയ്യുന്നു.

<u>ജ്ഞാനസ്നാനം:</u> ജ്ഞാനസ്നാന മാതാപിതാക്കൾ കുട്ടിയെ ജ്ഞാനസ്നാനക്കല്ലിന്മീതെ കാണിക്കുന്നു. അപ്പോൾ വൈദികൻ ഒരു ചെറിയ പാത്രമെടുത്തു അതിൽ ജ്ഞാനസ്നാനജലം നിറച്ചിട്ടു കുരിശിൻെറ ആകൃതിയിൽ കുട്ടിയുടെ തലയിൽ ഒഴിച്ചുകൊണ്ടു

പേരുചൊല്ലി, "ഞാൻ നിന്നെ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നുപറയുന്നു.

അനന്തരം, കുട്ടി ഒരു ക്രിസ്ത്യാനി ആക്കപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കുവാനായി കുട്ടിയുടെ നെറുക 'ക്രിസം' എന്ന വിശുദ്ധതൈലംകൊണ്ടു കുരിശിൻെറ ആകൃതിയിൽ പൂശുന്നു. പിന്നീടു നടക്കുന്നതു് നവമായി ജ്ഞാനസ്നാനം നൽകപ്പെട്ട കുട്ടിയെ വെള്ളവസ്ത്രം ഉടുപ്പിക്കുകഎന്ന പുരാതന സമ്പ്രദായത്തെ കാണിക്കുന്ന ഒരു കർമ്മമാണ്. വൈദികൻ ഒരു വെള്ളത്തുവാലയെടുത്തു കുട്ടിയുടെ തലയിൽ ചൂടിച്ചുകൊണ്ടു: "ഈ വസ്ത്രം സ്വീകരിക്കയും,നിനക്കു നിത്യജീവൻ ലഭിക്കേണ്ടതിനു അതിനെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ന്യായാസനസമക്ഷം നിർമ്മലമായിധരിക്കുകയും ചെയ്ക" എന്നുപറയുന്നു.

അതിനുശേഷം വൈദികൻ ഒരു തിരി കത്തിച്ച് ജ്ഞാനസ്നാന മാതാപിതാക്കളുടെ കൈയിൽ കൊടുക്കുന്നു. അവർ അതു്കുട്ടിയുടെ കൈയ്യോടുചേർത്തു പിടിക്കയും ചെയ്യുന്നു. അതിലെ വെളിച്ചം വിശ്വാസത്തെയും, ജ്വാല ഉപവിയെയുമത്രെ സൂചിപ്പിക്കുന്നതു്. തദനന്തരം ജ്ഞാനസ്നാനമേററ കുട്ടിയോടു പറയുന്നു: "നിൻെറ ജ്ഞാനസ്നാനം നിർമ്മലമായി കാത്തുകൊൾക; കർത്താവു വിവാഹവിരുന്നിനായി വരുമ്പോൾ നീ സകല പുണ്യവാന്മാരോടുംകൂടി അങ്ങയെ സ്വർഗ്ഗീയ മന്ദിരത്തിൽവച്ചു കാണുന്നതിനും, നിത്യജീവൻ ലഭിക്കുന്നതിനുമായി ദൈവത്തിൻെറ പ്രമാണങ്ങളെ അനുഷ്ഠിക്കയും ചെയ്തുകൊൾക."

അനന്തരം വൈദികൻ കുട്ടിയോടു "(പേരു്)—, സമാധാനത്തിൽ പോകുക, കർത്താവു നിന്നോടുകൂടെ ഉണ്ടായിരിക്കയും ചെയ്യട്ടെ" എന്നു പറയുന്നു. ഇതോടുകൂടി ജ്ഞാനസ്നാനകർമ്മം പര്യവസാനിക്കയും ചെയ്യുന്നു.

ഹാ! സഭയുടെ കർമ്മകാണ്ഡാനുസൃതമായ ബാഹ്യാചാരങ്ങൾ എത്ര മനോജ്ഞങ്ങളും മനുഷ്യാത്മാവിനെ പുണ്യപ്പെടുത്തുവാൻ എത്രകണ്ടു ശക്തങ്ങളുമാണെന്നു സ്പഷ്ടം പ്രത്യക്ഷീകരിക്കു

ന്നവയുമാണെന്നു കണ്ടാലും! ഏററം പുരാതനമായിട്ടുള്ള ഈ അനുഷ്ഠാനങ്ങൾ, മനുഷ്യാത്മാവിനെ സാത്താൻെറ അധീനത്തിൽനിന്നു സ്വതന്ത്രമാക്കുന്നതിനെയും, അതിനെ ജന്മപാപത്തിൽനിന്നു കഴുകി ശുദ്ധമാക്കുന്നതിനെയും, ലോകം, മാംസം, പിശാച് എന്ന ത്രിവിധ ശത്രുക്കൾക്കെതിരായി പോരാടുവാൻ അതിനെ ശക്തിപ്പെടുത്തുന്നതിനെയും സൂചിപ്പിക്കുവാനായിട്ടത്രേ ഇന്നും ആചരിക്കപ്പെട്ടുപോരുന്നതു്. ജ്ഞാനസ്നാനമേല്ക്കുന്നയാൾ, അതോടുകൂടി ഒരു നവ്യവും പരിശുദ്ധവുമായ സ്വഭാവം സ്വീകരിക്കുന്നുവെന്നും, തന്മൂലം എന്നേയ്ക്കുമായി സ്വർഗ്ഗരാജ്യത്തിൽ ആനന്ദം അനുഭവിക്കാനുള്ള ഒരു പുതിയ അംഗം ക്രിസ്തുവിൻെറ അജഗണത്തിൽ വർദ്ധിച്ചിരിക്കുന്നുവെന്നും അവ സൂചിപ്പിക്കുന്നുണ്ടു്.

# ക്ലാസ്സുമുറിയിലെ കൊലപാതകം.

(ശ്രീമാൻ എം. ഒ. ജോസഫ് നെടുങ്കുന്നം.)

## IV

ഇഗ്നാസിയച്ചൻ തൻെറ സംഭാഷണം തുടൎന്നു. ഇപ്രാവശ്യം റോസക്കുട്ടിയോടായിട്ടാണ് അദ്ദേഹം സംസാരിച്ചതു്.

ഇഗ്നാസി: "റോസക്കുട്ടിയോടും ഒരു വാക്കു പറയേണ്ടതുണ്ടു്. കത്തോലിക്കേതരവിദ്യാലയങ്ങളിൽ പഠിക്കുന്ന കത്തോലിക്കാക്കുട്ടികൾ തൊണ്ണൂററമ്പതു് ശതമാനവും അവരുടെ വിശ്വാസം നശിപ്പിക്കുന്നു. എനിക്കുതന്നെ പലരുടേയും കാൎയ്യമറിയാം. ഈയിടെ നാലു ബി. ഏ. ക്കാരുമായി ഒരു ചായസൽക്കാരത്തിൽ ഞാൻ പങ്കുകൊണ്ടു. അവരെല്ലാം ഇന്നു ഓരോ പ്രധാന ജോലികളിലേൎപ്പെട്ടിരിക്കുകയാണ്. ചായസമയത്തു അവർ എന്നോടു ചോദിച്ചു: കോളെജുജീവിതകാലത്തു അവൎക്കു നഷ്ടപ്പെട്ട മതവിശ്വാസം ഞാൻ അവൎക്കു തിരിച്ചുകൊടുക്കാമോ എന്നു. നാലുവൎഷക്കാ

ലംകൊണ്ടുണ്ടായ നാശത്തെ അരമണിക്കൂർകൊണ്ടു ഞാൻ പരിഹരിക്കുന്നമെന്നു ചുരുക്കം. റോസക്കുട്ടി, രാമപുരത്തെ കോളെജിൽ നിങ്ങളുടെ മകൻ, പരിഷ്കാരികളായ കൂട്ടുകാരെ സമ്പാദിച്ചേക്കാം. നിങ്ങളുടെ പുത്രിയെ സൌന്ദൎയ്യറാണിയായി തിരഞ്ഞെടുത്തേക്കാം. ഇവയും, അവരുടെ മതവിശ്വാസത്തിനെതിരായി അവിടെ നടക്കാവുന്ന പോരാട്ടങ്ങളും തമ്മിൽ നിങ്ങൾ ഒന്നു തുലനംചെയ്തു നോക്കിയിട്ടുണ്ടോ? ... എന്തുമാത്രം അസംബന്ധം! അനീതി! ഒരുപക്ഷെ കത്തോലിക്കരായിത്തന്നെ അവർ പുറത്തുവന്നേക്കാം. പക്ഷെ അവർ പഠിച്ചിരിക്കേണ്ട പല സംഗതികളും പഠിക്കുകയോ കേൾക്കുകപോലുമോ ചെയ്തിട്ടുണ്ടായിരിക്കുകയില്ല. അവരുടെ മതവിശ്വാസം സുരക്ഷിതമാണെങ്കിൽ അതിനുകാരണം കോളെജിലെ അവരുടെ അശ്രദ്ധയായിരിക്കും; അല്ലെങ്കിൽ 'പ്രൊഫസ്സർ പഠിപ്പിച്ചിട്ടുള്ള വിധത്തിൽ ഞാൻ ഉത്തരം പറയാം; പക്ഷെ ആ ഉത്തരങ്ങൾ ശരിയാണെന്നു ഞാൻ സമ്മതിക്കുകയില്ല' എന്നു പറയുവാനുള്ള തന്റേടംകൊണ്ടായിരിക്കണം."

റോസക്കുട്ടി ദീൎഘമായൊന്നു നിശ്വസിച്ചു.

റോസ: "പക്ഷെ അവർ പരിചയപ്പെട്ടിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളിലെ ബാലികാബാലന്മാരുമായി സംസൎഗ്ഗമുണ്ടാകുന്നതിനു അവൎക്കു സാധിക്കുന്നു. അതു ഭാവിജീവിതത്തിൽ അവൎക്കു സഹായകരമാകാതിരിക്കയില്ല."

ഇഗ്നാസി: "പക്ഷെ, ശരിയായിരിക്കാം. എന്നാൽ അവരുടെ മതവിശ്വാസത്തിനുള്ള അതിഭയങ്കരമായ ആപത്തു ഇത്തരം കൂട്ടുകെട്ടാകുന്നു. ഇതു പല വിദ്യാൎത്ഥികളും എന്നോടു സമ്മതിച്ചുപറഞ്ഞിട്ടുള്ളതാണു്. അവർ സംസൎഗ്ഗം ചെയ്യുന്നതു പൂൎണ്ണമായി കത്തോലിക്കേതരരോടായിരിക്കും. അവരുടെ പുതിയ സുഹൃത്തുക്കളിൽ ഒരുമാതിരി മതവിപക്ഷതയായിരിക്കും അവർ ദൎശിക്കുന്നതു്. ക്ലാസുമുറിയിലെ പ്രഭാഷണങ്ങളിൽമാത്രം അവർ ശ്രദ്ധിക്കുന്നു. മതം അവൎക്കു ഗഞ്ചാവോ അവീനോ ഒക്കെ ആയിത്തീരും! (വീടിയും സിഗററും ആകാത്തതു ഭാഗ്യം!!) അവരുടെ ദൈവം സാമൎത്ഥ്യമാകും. അവരുടെ കത്തോലിക്കത്വ

ഒരു പഴഞ്ചൻ മനസ്ഥിതിയായി കൂട്ടുകാർ അവഹേളിച്ചു തുടങ്ങും. 'മദ്ധ്യയുഗങ്ങൾ' അവർക്കു പരിഹാസത്തിനുള്ള ഒരു വാക്കുമാകും. വിദ്യാർത്ഥികളുടെ ഇടയിലെ പ്രധാന സംഭാഷണവിഷയങ്ങളിലൊന്നു മതമാണെങ്കിലും മതത്തോടുള്ള എതിർപ്പു് ശക്തിപ്പെട്ടിരിക്കും. ചുരുക്കത്തിൽ ഭക്തിപരമായ ജീവിതത്തിനു സാഹചര്യങ്ങൾ അവർക്കു പ്രതികൂലമായി ഭവിക്കും. അവരുടെ സാഹചര്യങ്ങളെ കീഴമർത്തി കത്തോലിക്കാതത്വം പാലിക്കുന്നതിനു അജയ്യമായ ഒരു മനസ്ഥിതിതന്നെയാണു് വേണ്ടിയിരിക്കുന്നതു്.

"കത്തോലിക്കാ വിദ്യാലയങ്ങളിലെ കുട്ടികൾ ഏതാണ്ടു് അധമരാണെന്നുള്ള നിങ്ങളുടെ മനോഭാവം അത്ര ശരിയാണെന്നും എനിക്കു തോന്നുന്നില്ല. ഒരു സർക്കാർ വിദ്യാലയത്തിൽ കണ്ടെത്താവുന്നതിൽ ശ്രേഷ്ഠന്മാരായ കുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിലും നിങ്ങൾ കണ്ടേക്കാം. ഒരു കുട്ടിയുടെ ശ്രേഷ്ഠത നിർണ്ണയിക്കേണ്ടതു് ധനസ്ഥിതിയോ സാമുദായികനിലയോ നോക്കി മാത്രമാണോ? ധനവാന്മാരുടെയും, സമുദായത്തിൽനിലയും വിലയുമുള്ളവരുടെയും സന്താനങ്ങളും കത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ടു്. അവരിൽ പലരും കാഴ്ചയിൽ സുമുഖരുമാണു്. (അച്ചൻ പുഞ്ചിരിതൂകി.) പക്ഷെ അതിനു കാരണം അവരുടെ സ്വത്തല്ല. സ്വത്തില്ലാത്ത പലരും സുമുഖരുമാണു്. കത്തോലിക്കേതരവിദ്യാലയങ്ങളിലെ എല്ലാ കുട്ടികളുമായി എനിക്കു പരിചയമുണ്ടെന്നു ഞാൻ ഭാവിക്കുന്നില്ല. എന്നാൽ നമ്മുടെ.... (കത്തോലിക്കാ) കോളെജിലെ വിദ്യാർത്ഥികളെ എനിക്കറിയാം. അതിലെ വിദ്യാർത്ഥികളിൽ പലരും മര്യാദക്കാരും സുമുഖരുമാണെന്നുള്ളതിൽ എനിക്കു സംശയമില്ല

"കത്തോലിക്കാ വിദ്യാർത്ഥികളുടെ പല സംഘങ്ങളിലും ഞാൻ ഭാഗഭാക്കായിട്ടുണ്ടു്. അവയോടു തുലനം ചെയ്യാവുന്ന വേറെതൊരു സംഘമാണു് ഇവിടെയുള്ളതു്. കത്തോലിക്കേതര വിദ്യാലയങ്ങളിൽ നിങ്ങളുടെ മക്കൾക്കു നല്ല സഹചാരികളെ ലഭിക്കുമെന്നുള്ള ചിന്ത അല്പം അസംബന്ധമല്ലേ ? സമ്പത്തോ, കുട്ടികൾ കയറി നടക്കുന്ന വാഹനങ്ങളോ, പെൺകുട്ടികൾ ധരി

ക്കുന്ന വേഷപ്പകിട്ടുകളോ, ആഭരണങ്ങളോ ഒന്നുമല്ല കാര്യമായി ട്ടുള്ളതു്. പ്രസ്തുത ഫുനിക്ക താല്പര്യമുള്ള കുട്ടികളുടെ കൂട്ടുകാർ സന്മാർഗ്ഗികളും, നമ്മല ജീവിതക്കാരും, മര്യാദക്കാരും ആയിരിക്കണമെന്നേ ഞാൻ ആഗ്രഹിക്കുകയുള്ളു. ഇങ്ങനെയുള്ള കുട്ടികൾ കത്തോലിക്ക വിദ്യാലയങ്ങളിൽ അപൂർവ്വമാണെന്നും ഞാൻ വിചാരിക്കുന്നില്ല.

മറിയാമ്മ: "മാത്തുക്കുട്ടിയും ലോനപ്പനും അവരുടെ സ്നേഹിതന്മാരെ പലപ്പോഴും ഇവിടെ കൂട്ടിക്കൊണ്ടു വരാറുണ്ടു്. അവർ എന്റെ മക്കളുടെ കൂട്ടുകാരായിരിക്കുന്നതിൽ ഞാൻ അഭിമാനിക്കാറുണ്ട്. എത്ര നല്ല സ്വഭാവം!"

ചാക്കൊ മാപ്പിള ഇടയ്ക്കു കയറിപ്പറഞ്ഞു: "അതെ, അവരെക്കണ്ടാൽ അറിയാം അതു്. വിദ്യാലയങ്ങളിൽ അവൎക്കു ലഭിക്കുന്ന കൂട്ടുകാരെപ്പോലെതന്നെ എന്റെ സ്നേഹിതന്മാരുടെ മക്കളും അവൎക്കു കൂട്ടുകാരാണു്. കൂട്ടുകാരെ സമ്പാദിക്കുകയെന്നുള്ളതു മാത്രമല്ലാ വിദ്യാലയംകൊണ്ടു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. വേറൊരു സംഗതിയുമുണ്ടു്. ഞാൻ എന്റെ മക്കളെ വിദ്യാലയത്തിൽ അയച്ചിരിക്കുന്നതു് അവർ നല്ലവരായിത്തീരുന്നതിനാണ്. അല്ലാതെ ഭാര്യമാരെയും ഭൎത്താക്കന്മാരെയും അന്വേഷിക്കുന്നതിനല്ല. അതു ഞാൻതന്നെ നിർവ്വഹിച്ചുകൊള്ളാമെന്നാണ് വച്ചിരിക്കുന്നതു്."

മറിയാമ്മ: "അതു്....അതെന്തിന്ന പറയുന്നു."

റോസക്കുട്ടിയുടെയും ആച്ചിയമ്മയുടെയും മുഖം തുടുത്തു. ബഞ്ചമിൻ എന്തോ പറയാൻ ഭാവിച്ചു. പക്ഷെ ഇഗ്നാസിയച്ചൻ പെട്ടെന്നു കടന്നു പറഞ്ഞു.

ഇഗ്നാസി: "റോസക്കുട്ടീ! നിങ്ങളുടെ മക്കൾക്കു നല്ല കൂട്ടുകാരെ ലഭിക്കുന്നതിനു നിങ്ങളുടെ ഭവനംതന്നെ മതിയായിരിക്കുന്നല്ലോ. കൂട്ടുകാരെ സമ്പാദിക്കുന്നതിനായി പിന്നെന്തിനാണു് അവരെ കോളെജുകളിൽ അയയ്ക്കുന്നതു്?"

റോസക്കുട്ടി: "അച്ചാ! അവിടുന്നു ഒരു വശംമാത്രം കണ്ടുകൊണ്ടാണ് ഈ കറുത്ത ചിത്രം വരയ്ക്കുന്നതു്. കത്തോലിക്കേതര വിദ്യാലയങ്ങളിൽ പഠനം കഴിച്ചിട്ടുള്ളവരായ പല നല്ല ക

ത്തോലിക്കരെയും എനിക്കു പരിചയമുണ്ടല്ലോ.”

മറിയാമ്മ: “ശേഷിയുള്ളതു ശേഷിക്കും.”

ഇഗ്നാസി: “അതെ, അവർ ധീരന്മാരാണ്. ഭയങ്കരപോരാട്ടത്തിൽ മുറിവേററെങ്കിലും സജീവരായിത്തന്നെ അവർ വിജയം കരസ്ഥമാക്കി, അത്രതന്നെ.”

ബെഞ്ചമിൻ: “ആ പദപ്രയോഗം സ്വീകാര്യമാണോ!”

ഇഗ്നാസി: “സംശയമെന്തു്? മുറിവുകളേററുതന്നെയാണ് അവർ പുറത്തു വന്നിട്ടുള്ളതു്. അവർ അനുഷ്ഠിക്കുന്ന വിശ്വാസത്തിന്റെ മനോഹരതയേയും സത്യവത്വത്തെയും കുറിച്ചു അവരോടു ചോദ്യംചെയ്തു നോക്കുക. അവരുടെ വിശ്വാസത്തിന്റെ താത്വികമായ വശങ്ങളെക്കുറിച്ചു അവർക്കു യാതൊന്നുമറിഞ്ഞുകൂടാ. അവരുടെ വിശ്വാസത്തിന്റെ ന്യായങ്ങളെന്തൊക്കെയാണെന്നു മനസ്സിലാക്കാതെതന്നെ അവർ വിശ്വസിക്കുന്നു. അവരുടെ വിശ്വാസം അവർ അനുഷ്ഠിക്കുന്നുണ്ടായിരിക്കാം. എന്നാൽ അവരുടെ വിശ്വാസത്തിൽ ഒരു നേതൃത്വം സമ്പാദിക്കുന്നതിനു തീക്ഷ്ണമായ പഠനംതന്നെ വേണ്ടിയിരിക്കുന്നു.

“കത്തോലിക്കത്വം എന്നു പറയുന്നതു് വെറും ബാഹ്യമായ ഒരു രൂപം മാത്രമല്ലെന്നുള്ളതു് നാം വിസ്മരിക്കരുതു്. അതു ജീവന്റെയും ജീവിതരീതിയുടെയും ഒരു പദ്ധതിയാകുന്നു. രണ്ടായിരം വർഷത്തെ പഴക്കമുള്ള ചാരിത്രികമായ ഒരു പാരമ്പര്യമാണതു്. ജ്ഞാനത്തിൽനിന്നുത്ഭവിക്കുന്നതും, തത്വജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും വ്യക്തമായ ന്യായങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഒരു വിശ്വാസമാകുന്നു അതു്. കല, സംഗീതം, സൌന്ദര്യം, സാഹിത്യം ഇവയുടെയെല്ലാം ഒരു സമ്മേളനമാകുന്നു അതു്. സയൻസിന്റെ അധുനാതന കണ്ടുപിടിത്തങ്ങളെപ്പോലും സ്വീകരിക്കത്തക്കവണ്ണം വിസ്തൃതമാണെങ്കിലും, ക്രിസ്തുവിന്റെ അനശ്വരസൂക്തികളെ അതു വിസ്മരിക്കുന്നില്ല. എജീപ്തിലെ പിരമിഡുകളെക്കാൾ യുഗങ്ങൾ പ്രാചീനതയുള്ള ദൈവത്തെ വിസ്മരിക്കാതെ എജീപ്തിലെ കണ്ടുപിടിത്തങ്ങളെ സന്തോഷപൂർവ്വം അതു പരിശോധിക്കുന്നു. അതു് അതിപ്രാചീനവും എന്നാൽ ഇന്നത്തേതു് എന്നപോലെ നവീനവുമാകുന്നു.

"എന്നെ തെററിദ്ധരിക്കരുതു്. കത്തോലിക്ക വിദ്യാലയത്തിൽ പോകുന്ന കുട്ടിക്കു്, സാഹിത്യം, സയൻസ്സ്, ഗണിതശാസ്ത്രം, ചരിത്രം, മുതലായവയെപ്പററി കത്തോലിക്കേതരവിദ്യാലയങ്ങളിൽ, നൽകപ്പെടുന്ന സകല അറിവും സിദ്ധിക്കുന്നുണ്ടു്. അംഗീകൃത പദ്ധതിയനുസരിച്ചുതന്നെ അവിടെ അഭ്യസനം നല്കുന്നു. അവിടത്തെ അദ്ധ്യാപകന്മാർ കാര്യക്ഷമതയുള്ളവരും വേണ്ട യോഗ്യതകളും പരിശീലനവും സദ്ധിച്ചിട്ടുള്ളവരുമാകുന്നു. ഇവയെയെല്ലാം കത്തോലിക്ക സഭയുടെ മഹനീയമായ പാരമ്പര്യം ഒരു സ്വർണ്ണനാടപോലെ ബന്ധിക്കുന്നു. കത്തോലിക്കേതരമായ ഒരു വിദ്യാലയത്തിൽ കത്തോലികമായ ഒരു വിദ്യാഭ്യാസം ഒരു കുട്ടിക്കു ലഭിക്കുക ഒരുനാളും സാദ്ധ്യമല്ലല്ലൊ. കത്തോലിക്ക വിദ്യാലയത്തിൽ ലോകത്തെ വീക്ഷിക്കുന്നതിനു, അതിനെ പൂർണ്ണമായും യുക്തിപൂർവ്വവും വീക്ഷിക്കുന്നതിനു്, ആണു അഭ്യസിപ്പിക്കപ്പെടുന്നതു്. ലോകത്തെപ്പററിയുള്ള യുക്തിയുക്തമായ ചിന്ത പലരേയും കത്തോലിക്ക വിദ്യാലയങ്ങളിലേയ്ക്കു് ആകർഷിച്ചിട്ടുണ്ടു്.

"കത്തോലിക്ക തത്വജ്ഞാനത്തെ ആദ്യമായി കണ്ടുമുട്ടുന്ന ഒരാൾക്കു് അതു തെളിയിക്കപ്പെട്ടിട്ടുള്ള അനുമാനങ്ങളുടെ ഒരു വെളിപാടായിരിക്കുന്നതാകുന്നു. ദൈവത്തിന്റെ ആസ്തിക്യത്തെയും, മനുഷ്യാത്മാവിന്റെ അസ്തിത്വത്തെയും സ്വഭാവത്തെയും, പാരത്രിക ലോകത്തിന്റെ വാസ്തവികതയേയും, നന്മയും തിന്മയും തമ്മിലുള്ള സർവ്വപ്രധാനങ്ങളായ വ്യത്യാസങ്ങളെയും കത്തോലിക്കാ തത്വജ്ഞാനം സ്പഷ്ടമായും വിശദമായും തെളിയിക്കുന്നു. വെറുംയുക്തികൊണ്ടുതന്നെ അതു മനുഷ്യപ്രശ്നങ്ങളെപ്പററി ചിന്തിക്കുകയും അതിനു സമാധാനം കണ്ടുപിടിക്കുകയുംചെയ്യുന്നു ഏതുവിധ മാനസീക ജോലികൾക്കും ഒരു വിദ്യാർത്ഥിയെ പ്രാപ്തനാക്കത്തക്കവിധം താർക്കികമായ രീതിയിലുള്ള ചിന്തയെ അവനിൽ പരിപോഷിപ്പിക്കുന്നു. സമുദായത്തിനു നാശകാരണമാകാത്തവിധത്തിൽജീവിക്കുന്നതിനും, ജീവിതം ശ്രേഷ്ഠതരമാക്കത്തവണ്ണം തഥാസ്തിക്യത്തിന്റെ ന്യായയുക്തതയെ നൽകുന്നതിനും, തന്റെ സഹോദരന്മാരോടു നിർമ്മലവും മാന്യവുമായവിധം പെ

രുമാറുന്നതിനും പ്രേരണ നൽകുന്ന ഒരു സന്മാർഗ്ഗ സംഹിതയെ വിദ്യാർത്ഥികളുടെ ഗ്രഹണത്തിനായി നൽകുന്നു.

“വിശേഷബുദ്ധിയെ ബലികഴിക്കാത്തതും, ദൈവത്തേയും മനുഷ്യരെയും, ആത്മാവിനെയും ശരീരത്തെയും, മർത്ത്യതയേയും, അമർത്ത്യതയേയും, മനസ്സിനെയും ഇച്ഛാസ്വാതന്ത്ര്യത്തെയും ഒരുമിച്ചു സ്വീകരിക്കത്തക്കവണ്ണം സുവിസ്തൃതമായതുമായ ഒരു തത്വശാസ്ത്രം ഈ ഭൂമുഖത്തുണ്ടെങ്കിൽ അതു കത്തോലിക്കരുടേതു മാത്രമാകുന്നു. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനോട് ഏററവും സമീപിച്ചുനിന്നുകൊണ്ടു ഒരു കത്തോലിക്ക വിദ്യാർത്ഥി തന്റെ ജീവിതത്തെ അനുഷ്ഠാനപരമാക്കുന്നു. കത്തോലിക്കമതം സ്വീകാര്യമായിരിക്കുന്നതിനുള്ള അതിശക്തങ്ങളായ തെളിവുകളെ അവർ പഠിക്കുന്നു. അങ്ങനെ പരിശീലനം സിദ്ധിക്കുന്ന ഒരു സ്ത്രീയൊ പുരുഷനൊ നേതാവായ ഒരു കത്തോലിക്കനാകുകമാത്രമല്ല. സാക്ഷാൽ കത്തോലിക്ക നേതാവായിരിക്കുന്നതാണ്. ഇപ്രകാരമുള്ള കത്തോലിക്ക നേതാക്കന്മാരെയാണ് നമുക്കു ആവശ്യമായിരിക്കുന്നത്. നമുക്കു എന്നല്ല അസമധാനത്തിൽ കിടന്നു ദീർഘശ്വാസം വലിക്കുന്ന ലോകത്തിനുതന്നെ അത്യന്താപേക്ഷിതമായിരിക്കുന്നതു്.

റോസക്കുട്ടി: ഇതൊക്കെ ശരിതന്നെ. പക്ഷെ രാജ്യത്തിലെ സർവ്വപ്രധാന വിദ്യാലയങ്ങളിൽനിന്നു ജയിച്ചു വരുന്നതു ഒരു മേന്മയല്ലേ ?

ഇഗ്നാസി: മേന്മ. അത്തരം വിദ്യാലയങ്ങളിൽനിന്നു പാസായിവരുന്നവരുടെ കൂട്ടത്തിൽ ഒരുത്തനെന്നുള്ള മേന്മ. ഈ അവസരത്തിൽ ഫാദർ ജയിംസ് ഡാലി എന്ന വൈദികൻ കുറെ കൊല്ലങ്ങൾക്കുമുൻപു അമേരിക്കാ എന്ന പത്രത്തിൽ എഴുതിയിരുന്ന ലേഖനമാണു എന്റെ ഓർമ്മയിൽ വരുന്നതു്. വിദ്യാഭ്യാസത്തിലെ ഈ മേന്മയെപ്പററിയാണു അദ്ദേഹവും പറഞ്ഞിരുന്നതു്. അദ്ദേഹം ആ ലേഖനത്തിൽ ഒരു കഥ ഉദ്ധരിച്ചിരുന്നു. ‘ലണ്ടൻ പട്ടണത്തിലെ ഒരു തെരുവിലുള്ള ഒരു വീട്ടിൽ ഒരു മാതാവു് ക്ഷയരോഗം പിടിപെട്ട തന്റെ കുട്ടിയുടെ കിടക്കയ്ക്കരികെ ഇരുന്നു അതിനെ സൂക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഉട

ന്നെ ഒരു ഡോക്ടർ വന്നു ആ കുട്ടിയുടെ സുഖപ്രാപ്തിക്കു അത്യന്താപേക്ഷിതമെന്നു താൻ വിധിച്ചിരുന്ന മുട്ട, വെണ്ണ, വീഞ്ഞു മുതലായവ വാങ്ങിയോയെന്നു മാതാവിനോടു ചോദിച്ചു. ആ മാതാവാകട്ടെ താൻ ദരിദ്ര്യയാണെന്നും ഡോക്ടർ അവരെ ഏല്പിച്ചിരുന്ന പണം മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞുവെന്നും പ്രത്യുത്തരിച്ചു. ഉടനെ ആ ഭിഷഗ്വരൻ കുറെ പണംകൂടി കൊടുത്തു. പക്ഷെ അദ്ദേഹം പോയിക്കഴിഞ്ഞ ഉടനെ, ഇതേവരെ കിട്ടിയ പണംമുഴുവൻ സൂക്ഷിച്ചിരുന്ന 'കുടുക്ക'യിൽ ആ പണവുംകൊണ്ടെ ഇട്ടു. അങ്ങനെ ചെയ്യുമ്പോഴും ആ മാതാവു് പറയുകയാണു്. 'അവനെ മാനമായി സംസ്കരിക്കണം. നാഗസ്വരവും ബാൻഡും വെള്ളിക്കുരിശും ശവസംസ്കാരത്തിനുണ്ടായിരിക്കണം." വിദ്യാഭ്യാസത്തിലെ മേന്മ അന്വേഷിച്ചു പോകുന്നവർ ഈ മാതാവിനു തുല്യരാകുന്നു. തന്റെ പുത്രീപുത്രന്മാരുടെ ആത്മാവു നശിച്ചാലും വിദ്യാലയത്തിന്റെ പ്രശസ്തിയെയാണു് അവർ കാംക്ഷിക്കുന്നതു്. ഫലമെന്തു ? അവൎക്കു മാനമായ ഒരു ശവസംസ്കാരംതന്നെ ലഭിക്കുന്നു ! പോരെങ്കിൽ നല്ല കൂട്ടുകാരെയും കിട്ടുമല്ലോ.

മറിയാമ്മ: നമ്മുടെ കത്തോലിക്കാ വിദ്യാലയങ്ങളിൽ ഏതിനാണു് 'മേന്മ'യില്ലാത്തതു് ? മേന്മ! അൎത്ഥശൂന്യമായ പദപ്രയോഗം ! ജീവിതത്തിൽ അസൂയാവഹമായ വിജയം സമ്പാദിച്ചിട്ടുള്ള പലരും തങ്ങളുടെ മാതൃ (കത്തോലിക്കാ) വിദ്യാലയങ്ങളെപ്പററി അത്യന്തം പ്രശംസിക്കുന്നതു് ഞാൻതന്നെ കേട്ടിട്ടുണ്ടു്.

ബഞ്ചമിൻ: ഇതൊക്കെ ശരി. പക്ഷെ ഈ പ്രൈവററു വിദ്യാലയങ്ങൾക്കു ഏതാണ്ടൊരു അധമത്വം ഇല്ലയോ എന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്.

ഇഗ്നാസി: അതിന്റെ ശത്രുക്കളും അങ്ങനെ ചിലപ്പോൾ പറയാറുണ്ടു്. പക്ഷെ ഈ നാട്ടിലെ വിദ്യാഭ്യാസത്തിനു പ്രധാന സൂത്രധാരത്വം വഹിച്ചിട്ടുള്ള സമുന്നതമായ സാക്ഷരത്വത്തിനു കാരണഭൂതമായ ആ പ്രൈവററു വിദ്യാലയങ്ങളാണു് സൎക്കാർ സ്കൂളുകളെക്കാൾ കാര്യക്ഷമതയിൽ മുന്തിനില്ക്കുന്നതെന്നുള്ളതു

വിസ്മരിച്ചുകൂടാത്തതാകുന്നു.

ആച്ചിയമ്മ: പക്ഷെ നിങ്ങളുടേതു മിശ്രവിദ്യാലയങ്ങളല്ലല്ലൊ. ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുമിച്ച്.

ഇഗ്നാസി: അല്ല. ഞങ്ങൾ പ്രായേണ മിശ്രവിദ്യാഭ്യാസത്തെ അനുകൂലിക്കുന്നില്ല നിങ്ങളുടെ ആശയമെന്തെന്നു എനിക്കു വ്യക്തമായി മനസ്സിലാകുന്നില്ല.

ബഞ്ചമിൻ: ഓ,. എന്റെ ഭാര്യ ഉദ്ദേശിച്ചതു് ഇതാണ്. കുട്ടികൾക്കു ഗൌരവാവഹമായ പഠനത്തോടുകൂടി വല്ല തമാശും ഉണ്ടായിരിക്കുന്നതു് നല്ലതാണല്ലൊ. മിശ്രവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ കൂടുതൽ ഉല്ലാസചിത്തരായിരിക്കുമെന്നുള്ളതു തർക്കമററ സംഗതിയാണ്.

റോസക്കുട്ടി: "എന്നുമാത്രമല്ല, ഭാവിജീവിതത്തിൽ, പ്രത്യേകിച്ചു കുടുംബജീവിതത്തിൽ, പ്രവേശിക്കാനിരിക്കുന്നവർ വിദ്യാഭ്യാസകാലത്തുതന്നെ പരസ്പരം—സ്ത്രീകളും പുരുഷന്മാരും—അറിയുന്നതു നല്ലതല്ലേ? പരസ്പരം പെരുമാറേണ്ടതെങ്ങനെയെന്നു അവർ പഠിച്ചുകൊള്ളുമല്ലൊ. അതിൽ അവരെ തടയാതിരിക്കുകയാണ് വേണ്ടതു്."

ഇഗ്നാസിയച്ചൻ കസേരയിലേക്കു മലന്നിരുന്നു ചിരിച്ചുതുടങ്ങി. ചാക്കോമാപ്പിളയും മറിയാമ്മയും പൊട്ടിപ്പുറപ്പെട്ട ചിരിയെ അടക്കി. ഇതു മററുള്ളവരുടെ മുഖം ചുടുപ്പിച്ചു. അച്ചൻ തുടർന്നു പറഞ്ഞു

ഇഗ്നാസി: "ക്ഷമിക്കുക. മിശ്രവിദ്യാലയങ്ങളിൽ പഠിച്ചിട്ടില്ലാത്ത നമ്മുടെ യുവാക്കന്മാരുടെ കാര്യം ഞാൻ ഓക്കുകയായിരുന്നു. സ്ത്രീകളെക്കാണുമ്പോൾ അവർ ഓടിഒളിക്കുമോ ആവോ!" വീണ്ടും ചാക്കോമാപ്പിളയും മററും ചിരിതുടങ്ങി.

ഇഗ്നാസി: "നിങ്ങൾ ഒരു കത്തോലിക്ക കോളെജു സന്ദശിക്കുക. അവിടെ വിദ്യാഭ്യാസം നല്കുകയും 'മിശ്ര'ത്തെ പുറംതള്ളുകയും ചെയ്യുന്നു. കാരണം ഒരു വിദ്യാലയം ഒരു ക്ലബോ, നൃത്തശാലയൊ കള്ളുഷാപ്പോ അല്ലെന്നാണ് കത്തോലിക്കർ വിചാരിച്ചുപോരുന്നതു്. ഒരു സ്ത്രീവിദ്യാലയവും സന്ദശിക്കുക. ആൺ

കുട്ടികളില്ലാത്തതുകൊണ്ടു അവർ വെറും മരപ്പാവകളെപ്പോലെയല്ല അവിടെ ചരിക്കുന്നത്. അവരുടെ വിനോദയാത്രകളിലൊ, വനിതാസമ്മേളനങ്ങളിലൊ സംബന്ധിച്ചുനോക്കുക. അവരുടെ ജീവിതത്തിലെ ഏററവും സുസ്മരണീയമായ ഘട്ടമാണ് അതെന്നുള്ളതിനു തർക്കമില്ല. ആൺകുട്ടികൾക്കായുള്ള പള്ളിക്കൂടങ്ങളിലും, വിദ്യാർത്ഥികൾ അവരുടെ കായിക വിനോദങ്ങളാലും മററും എത്രയും ഉല്ലാസമായ ഒരു ജീവിതമാണ് നയിക്കുന്നത്.

മറിയാമ്മ: മിശ്രവിദ്യാഭ്യാസം. ഞാൻ ഏററവും വെറുക്കുന്നത് അതാണ്. പാശ്ചാത്യദേശത്തിലെ ഒരു വിദ്യാലയത്തിന്റെ പ്രിൻസിപ്പാൽ എഴുതിയിട്ടുള്ള (Wasted womanhood എന്ന) പുസ്തകത്തിൽ, മിശ്രവിദ്യാഭ്യാസത്തിന്റെ ഫലമായി, വിദ്യാർത്ഥിനികൾ പരീക്ഷയ്ക്കിരിക്കുമ്പോഴേയ്ക്കും അവരിൽ ഇരുപതു ശതമാനവും പൂർണ്ണ ഗർഭിണികളായിത്തീരുന്നെന്നു പ്രസ്താവിച്ചിരിക്കുന്നു. മിശ്രവിദ്യാഭ്യാസം!

ബഞ്ചമിൻ: സമയം അതിക്രമിക്കുന്നു. ഇന്നു ഇങ്ങനെയൊരു പുതിയ വിഷയത്തെക്കുറിച്ചു സംസാരിക്കാനിടയായതു വിജ്ഞാനപ്രദംതന്നെ.

ഇഗ്നാസി: പുതിയ വിഷയമോ. പുതിയതല്ല, പഴയതുതന്നെ. കത്തോലിക്കസഭയോളംതന്നെ പ്രാചീനമായ ഒരു വിഷയമാകുന്നു. ‘വിദ്യാലയങ്ങളിൽനിന്നു ദൈവത്തെ ഓടിക്കരുതു്” എന്നാദർശമാണ് ഏതാവൽപര്യന്തം കത്തോലിക്കസഭ സ്വീകരിച്ചുപോന്നിട്ടുള്ളതു്. മനുഷ്യന്റെ മനസ്സിനുവേണ്ടിടത്തോളം വിദ്യാഭ്യാസംതന്നെ അവന്റെ ആത്മാവിനും വേണ്ടിയിരിക്കുന്നു. ശ്രേഷ്ഠമായ ഒരു മനസ്സും ഹ്രസ്വമായ ഒരു ഇച്ഛാശക്തിയുമുള്ള ഒരാൾ സമുദായത്തിനു ഒരു നാശമാകുന്നു. മതപഠനം ആഴ്ചയിൽ ഒരു ദിവസത്തിൽ ഒരു മണിക്കൂർ സമയത്തേക്കു നീട്ടിവച്ചുകൊണ്ടു അതൊരു അപ്രധാന വിഷയമാണെന്നുള്ള ബോധം അവരിൽ ഉളവാക്കിക്കൂടാ. സുഖമായും, ആനന്ദകരമായും, സാന്മാർഗ്ഗികമായും മതപരമായും ഉള്ള ഒരു ജീവിതം നയിക്കുന്നതിനു സഹായകമായ ഒരു വിദ്യാഭ്യാസപദ്ധതിയാണ് ഒരു കുട്ടിയ്ക്കു

ഡിസമ്പർ മാസം

# പൊതുനിയോഗം.

## യുവാക്കന്മാർ കത്തോലിക്കാപ്രവത്തനത്തിനായി പരിശീലിപ്പിക്കപ്പെടുക.

ശരിയായ അഭ്യാസവും ജ്ഞാനവും കൂടാതെ ആരംഭിക്കുന്ന ഉദ്യമങ്ങളെല്ലാം പരാജയത്തിൽ കലാശിക്കുന്നതിനായി നാം ദൈനംദിനം കണ്ടുവരുന്നു. പരിശീലനം സിദ്ധിച്ചവരുടെ സംരംഭങ്ങളാകട്ടേ വിജയശ്രീലാളിതമായി പര്യവസാനിക്കുന്നതും നമുക്കു അനുഭവമാണ്. അതുകൊണ്ടു കത്തോലിക്കാ പ്രവത്തനത്തിനും പരിശീലനം ആവശ്യമാണ്. കത്തോലിക്കരുടെ വകയായി പരോപകാരാത്ഥം നടത്തപ്പെടുന്ന അനവധി സംഘങ്ങളും സമാജങ്ങളും ഇപ്പോഴുണ്ട്. ഇവയുടെ പൂണ്ണവിജയം തദംഗങ്ങളുടെ പരിശീലനത്തെയാണു പ്രാധാന്യേന ആശ്രയിച്ചിരിക്കുന്നത്. അതിനാൽ യുവാക്കന്മാരുടെ പരിശ്രമം പരിപൂണ്ണവിജയത്തിൽ അവസാനിക്കുന്നതിനുവേണ്ട പരിശീലനം അവക്കു സിദ്ധിക്കാൻവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാത്ഥിക്കേണ്ടതാണ്.

---

നല്കേണ്ടതു്. മനുഷ്യവഗ്ഗത്തിൻെറ ഏററവും മഹാദ്ധ്യാപകൻ ക്രിസ്തുവാകുന്നു. കൊച്ചു കുട്ടികൾ എൻെറ പക്കൽ വരുവാൻ അനുവദിക്കുക എന്നു അവിടുന്നു ഇപ്പോഴും അരുളിച്ചെയ്യുന്നു. സോവിയററു റഷ്യായിലെ വിദ്യാലയങ്ങൾ ദൈവത്തെ നിഷേധിക്കുന്നു. നമ്മുടെ നാട്ടിലെ (കത്തോലിക്കേതര) വിദ്യാലയങ്ങൾ ദൈവത്തെ അവഗണിക്കുന്നു. എന്നാൽ കത്തോലിക്ക വിദ്യാലയങ്ങളിൽ അവിടുത്തെ പ്രകീത്തിക്കുന്നു. കത്തോലിക്ക സഭ തൻെറ ആദശങ്ങളുടെ സാഫല്യത്തിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളിൽ ഞാൻ അഭിമാനിക്കുന്നു. സഭയുടെ ഈ ആദശത്തെ സ്വീകരിച്ചു, വിശ്വാസത്തെ നശിപ്പിക്കാത്തതും, ദൈവത്തെ സ്നേഹിക്കുന്നതിനും സഹസൃഷ്ടികളെ സേവിക്കുന്നതിനുമുള്ള ചൈതന്യം കൈവളത്തുന്നതുമായ വിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ അയയ്ക്കുന്ന അനവധി കത്തോലിക്ക മാതാപിതാക്കന്മാരിലും ഞാൻ അഭിമാനമുള്ളവനായിരിക്കുന്നു. കത്തോലിക്ക വിദ്യാലയങ്ങളിൽ അദ്ധ്യയനം ചെയ്യുന്നതിൽ ഉത്സുകരായിരിക്കുന്ന അനേകാ

യിരം കത്തോലിക്കാ വിദ്യാർത്ഥികളിലും ഞാൻ അഭിമാനം കൊള്ളുന്നു. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ ഫലമായ മാത്തുക്കുട്ടിയെയും ലോനപ്പനെയുംപോലെയുള്ള യുവാക്കളിലും ഞാൻ അഭിമാനമുള്ളവനായിരിക്കുന്നു.”

ഈ അവസരത്തിൽ ലോനപ്പനും മാത്തുക്കുട്ടിയും അവിടെ പ്രവേശിച്ചു. എല്ലാവരോടും യാത്ര പറഞ്ഞശേഷം ഇഗ്നാസിയച്ചൻ അവിടെനിന്നു പോയി. അന്നത്തെ സംഭാഷണംകൊണ്ടു വല്ല ഫലമുണ്ടായോ എന്നു നിശ്ചയമില്ല. എന്തായാലും റോസക്കുട്ടി തന്റെ മക്കളെ രാമപുരത്തെ കോളെജിൽനിന്നും വിടുത്തി പിറേറദിവസംതന്നെ കത്തോലിക്കാ കോളെജിൽ ചേർത്തുവെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാകുന്നു.

---

## കുറിപ്പുകൾ.

ഈശ്വരകാരുണ്യത്താലും മഹാന്മാരുടെ സഹായത്താലും ‘കുടുംബദീപ’ത്തിനു ഈ ലക്കത്തോടുകൂടി അഞ്ചു വയസ്സു പൂർത്തിയായിരിക്കുന്നു. ലേഖനങ്ങൾ അയച്ചുതന്നും ധനസഹായം ചെയ്തും ഞങ്ങളെ സഹായിച്ചുകൊണ്ടുപോന്ന എല്ലാവരോടും ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞതയെ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. അടുത്തിരിക്കുന്ന ക്രിസ്തുമസ്സിനു ഞങ്ങളുടെ മാന്യ വായനക്കാർക്കും മാസികയുടെ ഗുണകാംക്ഷികളായ സകലർക്കും മംഗളം ആശംസിച്ചുകൊള്ളുന്നു.

സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഗസ്പാരി കർദ്ദിനാൾ ഈ നവംബർ ൧൮-ാം തീയതി തിങ്കളാഴ്ച അന്ത്യകൂദാശകൾ കൈക്കൊണ്ടു മരണം പ്രാപിച്ച വിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. മരണഹേതുവായ രോഗം ന്യൂമോണിയ ആയിരുന്നു. തിരുമനസ്സുകൊണ്ടു ൧൮൫൨ മേയ് മാസത്തിൽ കപ്പോവാലാസ്സയിൽ ജനിച്ചു. റോമായിലാണു വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി ഡോക്ടർ ബിരുദ് സമ്പാദിച്ചതു്. ൧൯൧൪ സെപ്തമ്പർ മാസത്തിൽ ൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ ഇദ്ദേഹത്തെ സ്റ്റേറ്റ് സിക്രട്ടറിയായി നിയമിച്ചു. ഒരു വലിയ രാജ്യതന്ത്രജ്ഞനും പണ്ഡിതനും പുണ്യശ്ലോകനുമായ ഇദ്ദേഹത്തിന്റെ ദേഹവിയോഗം ഒരു അപരിഹാര്യനഷ്ടംതന്നെയാണ്. R. I. P.

ലോകത്തിൽ ഒട്ടാകെ 366,085,084 കത്തോലിക്കരുണ്ടെന്നു ഈ കൊല്ലത്തെ ഒരു പുതിയ കണക്കിൽ കാണുന്നു. കഴിഞ്ഞ കൊല്ലത്തെ കത്തോലിക്ക ജനസംഖ്യയെ അപേക്ഷിച്ചു ഈക്കൊല്ലത്തെ കണക്കിൽ 2,420,291 പേരുടെ വർദ്ധനവുണ്ട്.

ഒരു പത്രപ്രവർത്തകനായ മി. ഫ്രാൻസിസ് ജിവിഡാം ല്യൂയിസ് തന്റെ ഭാര്യയോടും കുട്ടിയോടുമൊരുമിച്ച് ഈയിടെ കത്തോലിക്കസഭ സ്വീകരിച്ചിരിക്കുന്നു.

പുസ്തകാഭിപ്രായം മുതലായ പലവിഷയങ്ങളും സ്ഥലച്ചുരുക്കത്താൽ മാററിവെച്ചിരിക്കുന്നു.

---

തൃശ്ശൂർനിന്നു ൧൦ നാഴിക വടക്കു പടിഞ്ഞാറു ചാവക്കാടിനു സമീപമുള്ള ബ്രഹ്മകുളം പള്ളി ഇടവക പോന്നോര ഔസേപ്പു ചാക്കുവിന്റെ അമ്മ മറിയം തന്റെ ൭൦-ാമത്തെ വയസ്സിൽ അന്ത്യക്രദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു ൧൯൩൫ സെപ്റ്റമ്പർ ൩ാംനു- വ്യാഴാഴ്ച രാത്രി ൧൦ മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച വിവരം വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളുന്നു. വിശ്വാസികൾ ഈയാളുടെ ആത്മാനുകൂലാർത്ഥം പ്രത്യേകം പ്രാർത്ഥിക്കേണം.

---

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഗോസ്, എം. എ., എഫ്. സി. എസ്സ്.**

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്ക് വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാരോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു ത്രപാത്തുക്കത്തിനു് ക. ൪.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിനു് കൈകണ്ട മരുന്നാണ് രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരുസേറിനു് ക. ൩.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൩.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൦ ദിവസം സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. ൫.

# The Kudumba Deepam.

## Index to Volume V.

## 1934.

"നല്ലതും പ്രയോജനകരവുമായ കത്തോലിക്ക പത്രങ്ങളും പുസ്തകങ്ങളും വായിക്കുന്നതിനുള്ള അഭിരുചിയാണ് മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കു ഉണ്ടാക്കി കൊടുക്കേണ്ട ഏറ്റവും വലിയ ഒരു സമ്പാദ്യം."

---*Bishop Cleary, Auckland.*

THEVARA:

THE LITTLE FLOWER PRESS.

# കുടുംബദീപം.

## INDEX TO VOL. V.—1934.

## അഞ്ചാം പുസ്തകത്തിൻെറ

അകാരാദി വിഷയസൂചി.

---


അന്യരുടെ വാദങ്ങളും നമ്മുടെ മതതത്വങ്ങളും ൨൩൧.
അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്താ ൧൪൬.
ആണ്ട്ഹെലൻെറ കത്തുകൾ ൨൫, ൩൦, ൬൭, ൧൧൭.
ആദത്തിൻെറ അധഃപതനം ൨൦൮.
ആ ദൂതൻ ആരാണ് ൧൧.
ആരാധനാസ്വാതന്ത്ര്യം ൨൨൧
ആശുപത്രിയിലെ ഒരു രോഗി ൫൫൩
ഈശാവതരണം ൪൧, ൯൯, ൧൦൧, ൧൫൩.
ഈശൊ എന്ന തിരുനാമം ൨൪൭.
ഈശോസഭയുടെ ഒരു ഉൽകൃഷ്ടസന്താനം ൨൭.
ഈസ്റ്റർസ്മരണകൾ ൧൨൮.
ഉത്ഥാനഗാനം ൮൭
ഉയിപ്പ് ൧൯൯.
എൻെറ മാനസാന്തരം ൫൩൦.
എറണാകുളത്തെ ഒരു സായങ്കാലം ൧൭൩.
കത്തോലിക്കാപ്പരിശ്രാ ൧൯൨.
കത്തോലിക്കായുവജനങ്ങളും സമുദായോദ്ധാരണവും ൫൫൪.
കത്തോലിക്കാസഭ ൩, ൭൧.
കഷ്ടപ്പാടുകൾ എന്തിന് ? ൯൫.
കാലിത്തൊഴുത്തിലെ കൈക്കുഞ്ഞു ൧൦
കുടുംബങ്ങളിലെ രാത്രികാലാരാധന ൧൩൧.
കുറിപ്പുകൾ ൫൦, ൮൯, ൧൨൭, ൧൯൬, ൧൮൦, ൨൨൫, ൨൯൪,
൨൬൭, ൫൧൮, ൫൯൧, ൫൬൨.

Indic Digital Archive Foundation
gpura.org